കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കരകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2426/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 08.02.19

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

കരകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരകുളം ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2426/2018

തീയതി:08.02.19

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.07.2017 മുതൽ 30.10.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിന് ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻലാൽ.എസ്.ജെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2018മുതൽ 30.10.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ശ്രീജ.കെ., ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സ്വപ്ന.ആർ.കെ,അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രേഖ.സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി.ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ.അരുൺ സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.സഫീർ അഹമ്മദ്.എ.ആർ., ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.അനില.എം.എസ്.

01.04.2017 മുതൽ 31.03.2018 വരെ

സെക്രട്ടറി : ശ്രീ.എസ്.അരവിന്ദാക്ഷൻ

01.04.2017 മുതൽ 27.06.2017 വരെ

ശ്രീ.സുമേഷ്.കെ.ആർ

28.06.2017 മുതൽ 31.03.2018 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.അജിത്കുമാർ.എ.ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി രശ്മി.പി.എസ് | 01.04.17 മുതൽ 11.08.17 വരെ |
| | ശ്രീമതി ദീപ്തി. എൻ | 12.08.17 മുതൽ 27.09.17 വരെ |
| | ശ്രീമതി ദീന സുശീൽ | 28.09.2017 മുതൽ 31.10.2017വരെ |
| | ശ്രീമതി ദീപ്തി. എൻ | 01.11.2017 മുതൽ 26.11.2017 വരെ |
| | ശ്രീ.ജീജു.വി | 27.11.2017 മുതൽ 05.01.2018വരെ |
| | ശ്രീ.സഞ്ജു.പി.നായർ | 06.01.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അജിത.ബി.എസ്. | 01.04.2017മുതൽ 12.12.2017 വരെ |
| | ഡോ.ലീന തോമസ് | 13.12.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ചന്ദ്രലക്ഷ്മി | 01.04.2017മുതൽ 03.08.2017 വരെ |
| | ഡോ.ജാസ്മിൻ | 04.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷൈലേഷ് കുമാർ | 01.04.2017മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രീത.പി.സി | 01.04.2017മുതൽ 13.06.2017 വരെ |

| | | |
|---|---|---|
| | ഡോ. പ്രമോദ് കുമാർ | 14.06.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | കുമാരി.ആർ.എൽ.ജലജ | 01.04.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി എം.ആർ.കൃഷ്ണ | 01.04.2017 മുതൽ 12.12.2017 വരെ |
| | ശ്രീമതി സജിത | 13.12.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (സർക്കിൾ I) | ശ്രീ.ദിജു.എസ്.എസ് | 01.04.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (സർക്കിൾ II) | ശ്രീ.ഉണ്ണികൃഷ്ണൻ | 01.04.2017മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ഡോ.കെ.എസ്.നിഷ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |

| | | | |
|---|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| | ഭാഗം - 2 | | |
| 13 | ബജറ്റ് രൂപീകരണം -നടപടിക്രമം പാലിച്ചില്ല | 2-1 | |
| 14 | ആദായനികുതി ഈടാക്കിയില്ല | 2-2 | |
| 15 | ഡി&ഒ ലൈസൻസ് - അപാകതകൾ | 2-3 | |
| 16 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 | |
| 17 | കെട്ടിട നിർമ്മാണവും വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 2-5 | |
| 18 | അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം- ക്രമവൽക്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കുന്നില്ല. | 2-6 | |
| | ഭാഗം-3 | | |

| | | | |
|---|---|---|---|
| 19 | തെരുവ് വിളക്ക് മെയിന്റനൻസ്-അപാകങ്ങൾ-തുക 40870/-തടസ്സപ്പെടുത്തുന്നു | 3-1 | |
| 20 | S0044/18 - തെരുവ്‌വിളക്ക് ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ | 3-2 | |
| 21 | തെരുവുവിളക്ക് പരിപാലനം 288527 രൂപ തടസ്സപ്പെടുത്തുന്നു | 3-3 | |
| 22 | സെക്രട്ടറിയുടെ പ്രോജക്ടുകൾ- നടപ്പിലാക്കിയത് 53% പദ്ധതികൾ മാത്രം | 3-4 | |
| 23 | ഡെപ്പോസിറ്റ് വർക്കായി സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ | 3-5 | |
| 24 | വൗച്ചർ പരിശോധന - പൊതുവായ അപാകതകൾ | 3-6 | |
| 25 | മുൻകൂർ ക്രമീകരിച്ചിട്ടില്ല | 3-7 | |
| 26 | ലോഗ് ബുക്ക് പരിശോധന അപാകതകൾ | 3-8 | |
| 27 | ആസ്തി രജിസ്റ്റർ കാലികമാക്കി പുതുക്കി സൂക്ഷിച്ചിട്ടില്ല-സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 3-9 | |
| 28 | ടെണ്ടർ ഫോം വില- സർക്കാർ ഉത്തരവിനനുസൃതമായി GST ഈടാക്കിയിട്ടില്ല. | 3-10 | |
| 29 | മരാമത്ത് പ്രവൃത്തി- എസ്റ്റിമേറ്റ് റിപ്പോർട്ടിനു വിരുദ്ധമായി WBM സബ് ബേസ് കോഴ്സ് ഉപയോഗിച്ചു-അധികമായി നൽകിയ 52593/-രൂപ നിരാകരിക്കുന്നു. | 3-11 | |
| 30 | കരാർ വ്യവസ്ഥയിലെ സമയക്രമം പാലിച്ചില്ല- കരാറുകാരിൽനിന്ന് പിഴ ഈടാക്കിയിട്ടില്ല. തുക 15,994/- ഈടാക്കി അടവാക്കേണ്ടതാണ്. | 3-12 | |
| 31 | എംബാങ്ക്മെന്റ് നിർമാണം- കുഴിച്ചെടുത്ത മണ്ണ് | 3-13 | |

| | | | |
|---|---|---|---|
| | ഉപയോഗിച്ചില്ല-അധിക തുക 6663/- നൽകിയത് നിരാകരിക്കുന്നു. | | |
| 32 | ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല-നടപടികൾ ത്വരിതപ്പെടുത്തണം | 3-14 | |
| 33 | മൃഗസംരക്ഷണം-ധാതുലവണങ്ങളും വിരമരുന്നും വാങ്ങൽ-മാർഗ്ഗരേഖ നിർദ്ദേശ പ്രകാരമല്ല നടപ്പാക്കിയിരിക്കുന്നത്. | 3-15 | |
| 34 | ഹരിതകേരളം- തരിശ്ശ് രഹിത മാതൃകാ ജൈവഗ്രാമം-പദ്ധതി ആസൂത്രണം ചെയ്തതിൽ അപാകത | 3-16 | |
| 35 | വാഴകൃഷി വികസനം-വാഴക്കന്ന് വാങ്ങി നൽകുന്നതിനു പകരം തുക നേരിട്ട് കർഷകർക്ക് നൽകി. | 3-17 | |
| 36 | ഓഡിറ്റ് ഇംപാക്റ്റ്-പാലിന് സബ്സിഡി-അധികം നൽകിയ തുക തിരികെയടച്ചു | 3-18 | |
| 37 | സംയുക്ത പ്രോജക്റ്റുകൾ-ചെലവാക്കാൻ അവശേഷിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം-സർക്കാർ നടപടിക്രമം പാലിക്കണം | 3-19 | |
| 38 | തൊഴിലുറപ്പ് പദ്ധതി | 3-20 | |
| 39 | സ്ത്രീശാക്തീകരണത്തിനായി ഉൾപ്പെടുത്തിയ പദ്ധതികൾ നടപ്പിലാക്കുന്നില്ല | 3-21 | |
| 40 | മാർഗനിർദ്ദേശം പാലിക്കാതെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് മൂലം പദ്ധതി നടത്തിപ്പിൽ വീഴ്ച്ച സംഭവിക്കുന്നു | 3-22 | |
| 41 | പഞ്ചായത്തിന്റെ ചെലവ് പത്രികയും നിർവഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ ചെലവു രേഖകളും പൊരുത്തപ്പെടുന്നില്ല. | 3-23 | |

| | | | | |
|---|---|---|---|---|
| | | | | |
| 42 | മെഡിക്കൽ ഓഫീസർ, മരുന്ന് വാങ്ങൽ പദ്ധതികൾ 1302903/- രൂപ തടസ്സപ്പെടുത്തുന്നു- ഭരണസമിതിയുടെ അടിയന്തിര ഇടപെടലിന് ശുപാർശ ചെയ്യുന്നു. | 3-24 | | |
| 43 | സിഡ്കോയിൽ നിന്നുള്ള വാങ്ങൽ- സർക്കാർ നിർദ്ദേശം പാലിക്കണം. | 3-25 | | |
| 44 | പ്രൈമറി ഹെൽത്ത് സെന്റർ- വിവിധ പ്രോജക്റ്റുകൾക്കായുള്ള സാധന/സേവന വാങ്ങലുകൾ- പ്രക്യൂർമെന്റ് ചട്ടങ്ങൾ പാലിക്കണം | 3-26 | | |
| | ഭാഗം - 4 | | | |
| 45 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | | |
| 46 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | | |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | | |
| 48 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | | |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | | |
| 50 | ഓഡിറ്റ് റിക്കവറി | 4-6 | | |
| 51 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | | |
| 52 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 | | |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | | |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 21.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 281985863/- രൂപ വരവും 228765000/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. യഥാർത്ഥ വരവ് 171178548/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 134089399/- രൂപയുമാണ് (റസീപ്റ്റ് & പേമെന്റ് പ്രകാരം) .

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 06.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ് : 47568778/-

വരവ് : 123609770/-

ആകെ : 171178548/-

ചെലവ് : 134089399/-

നീക്കിയിരിപ്പ് : 37089149/-

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ക്രമ നം. | ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 0 | 27348578 | 27348578 | 27348578 | 0 |
| 2 | വികസനഫണ്ട് (എസ്.സി.പി.) | 0 | 6129796 | 6129796 | 6129796 | 0 |
| 3 | വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| 4 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12505964 | 12505964 | 12505964 | 0 |
| 5 | പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| 6 | സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 4413054 | 4413054 | 4413054 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 7 | സംരക്ഷണഗ്രാന്റ്(റോഡ്) | 0 | 12786133 | 12786133 | 12786133 | 0 |
| 8 | എം.ജി.എൻ.ആർ. ഇ.ജി.എസ് | 3008 | 1374803 | 1377811 | 1373443 | 4368 |
| 9 | ട്രഷറി റ്റി.എസ്.ബി.ജനറൽ പർപ്പസ് ഗ്രാന്റ് | 19662540 | 16981000 | 36643540 | 37769531 | -1125991 |
| 10 | ബി ഫണ്ട് | 0 | 1315440 | 1315440 | 1315440 | 0 |
| 11 | കെ.എൽ.ജി.എസ്.ഡി.പി | 0 | 4827392 | 4827392 | 4827392 | 0 |
| 12 | എസ്.ബി.ഐ ഇ-പേമെന്റ് | 0 | 146620 | 146620 | 649 | 145971 |
| 13 | എസ്.ബി.റ്റി ഓൺ ഫണ്ട് | 9098008 | 856642 | 9954650 | 2457232 | 7497418 |
| 14 | എസ്.ബി.റ്റി ഇ-ലിറ്ററസി | 3303 | 122 | 3425 | 0 | 3425 |
| 15 | സർവ്വീസ് കോ-ഒപ്പറേറ്റീവ് ബാങ്ക് ഓൺ ഫണ്ട് | 18383389 | 31242062 | 49625451 | 18210781 | 31414670 |
| 16 | എസ്.ബി.റ്റി പെൻഷൻ അക്കൗണ്ട് | 1512 | 55 | 1567 | 148 | 1419 |
| 17 | ട്രഷറി റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ | 0 | 2869550 | 2869550 | 3898509 | -1028959 |
| 18 | ഐ.ഒ.ബി സാക്ഷരത | 73938 | 0 | 73938 | 73938 | 0 |
| 19 | തനത് ഫണ്ട് (vpfa 1&2) | 176828 | 0 | 176828 | 0 | 176828 |
| 20 | ക്യാഷ് | 166252 | 0 | 166252 | 166252 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷിഓഫിസർ | 12 | 2612017 | 10 | 1862031 | 2 | 0 | 83 |
| 2 | വെറ്ററിനറി സർജൻ | 13 | 7627000 | 12 | 4010050 | 1 | 0 | 52.5 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 10 | 4721700 | 9 | 3904743 | 0 | 1 | 90 |
| 4 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 4 | 1996000 | 4 | 1922500 | 0 | 0 | 100 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 8264589 | 8 | 5396745 | 0 | 6 | 57 |
| 6 | വി.ഇ.ഓ | 10 | 10389600 | 8 | 7550300 | 0 | 2 | 80 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | വി.ഇ.ഒ2 | 11 | 6805000 | 10 | 2670000 | 0 | 1 | 90 |
| 8 | സെക്രട്ടറി | 53 | 28325956 | 28 | 10336971 | 0 | 25 | 52 |
| 9 | അസി.സെക്രട്ടറി | 12 | 3264500 | 9 | 1928110 | 0 | 3 | 75 |
| 10 | അസി.എഞ്ചിനിയർ | 134 | 61432042 | 97 | 39698247 | 0 | 37 | 64.6 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2105000 | 2 | 1600000 | 0 | 0 | 100 |
| 12 | ഹെഡ്മിസ്ട്രസ്സ് ജി.എൽ.പി.എസ്. | 7 | 3099790 | 5 | 1563170 | 0 | 2 | 71 |
| | ആകെ | 282 | 140643194 | 202 | 82442867 | 3 | 77 | 71 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 3008 | 1374803 | 1377811 | 1373443 | 4368 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 32861372 | 32861372 | 32861372 | 0 |
| ആകെ | 3008 | 34236175 | 34239183 | 34234815 | 4368 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 986280 | 500 |
| കർഷക തൊഴിലാളി പെൻഷൻ | 3019490 | 1357 |
| വിധവാപെൻഷൻ | 20878100 | 8921 |
| വാർദ്ധക്യകാല പെൻഷൻ | 26940315 | 12637 |
| വികലാംഗ പെൻഷൻ | 4890900 | 2076 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 874800 | 8921 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.2018ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 949/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

(i)ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണസംവിധാനത്തിന്റെ പൂർണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാനഘടകം ആണ്. കരകുളം ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

- ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ഡി&ഒ ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു.(ഖ.2-3)
- വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.
- കെട്ടിട നിർമ്മാണവും വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല (ഖ.2-7)

സാമ്പത്തിക ഇടപാടുകൾ

- വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല.ഖ.2- 1കാണുക
- വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.
- വാടകയിനത്തിൽ കുടിശ്ശിക നില നിൽക്കുന്നുണ്ട്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയുംകുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
- ബാങ്കിലെ പണം, ചെസ്റ്റിലെ പണം എന്നിവയ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടില്ല
- ഡ്യൂപ്ലിക്കേറ്റ് പെയ്മെൻറ് തടയുന്നതിനാവശ്യമായ മുൻകരുതലുകൾ എടുത്തിട്ടില്ല
- അപ്ഡേറ്റ് ചെയ്ത അക്കൗണ്ടിംഗ് മാനുവൽ പഞ്ചായത്തിൽ ലഭ്യമല്ല
- അഡ്ജസ്റ്റ്മെന്റ് എൻട്രികൾ ശരിയായി അംഗീകരിച്ച് സൂക്ഷിക്കുന്നില്ല
- ഡിമാൻഡ് കളക്ഷൻ ബാലൻസ് പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല
- നികുതി പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമം നടത്താതെ നികുതി ലഭിക്കുമെന്ന പ്രതീക്ഷയിൽ പഞ്ചായത്ത് മുന്നോട്ടുപോകുന്നു
- നികുതി പിരിവിനെ സംബന്ധിച്ച് യാതൊരുവിധ ട്രെൻഡ് അനാലിസിസും പഞ്ചായത്ത് നടത്തുന്നില്ല.
- സ്റ്റോർ പർച്ചേസ് മാനുവലിലെ നിർദേശങ്ങൾ പാലിക്കുന്നില്ല
- ഇൻവോയിസ് റദ്ദാക്കി സൂക്ഷിക്കുന്നില്ല

ആസ്തി സൂക്ഷിപ്പിലെ അപാകങ്ങൾ

- പഞ്ചായത്തിലെ ആസ്തികൾ വർഷംതോറും ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല
- ജി ഒ (എം എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഖ.3- 18കാണുക

സർവീസ് ബുക്ക് പരിശോധന

- സർവീസ് ബുക്കുകളിൽ വാർഷിക പരിശോധന നടത്തി ഒപ്പു വയ്ക്കുന്നില്ല.
- സേവന പുസ്തക രജിസ്റ്റർ പരിപാലിക്കുന്നില്ല.

പദ്ധതി രൂപീകരണവും നടത്തിപ്പും

- വിവിധ ഫണ്ടുകളുടെ വിന്യാസം ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്.
- ആസൂത്രണസമിതി വർക്കിങ്ങ് ഗ്രൂപ്പിന്റെ രൂപീകരണം, വികസനസെമിനാർ,വാർഷിക പദ്ധതി അംഗീകാരം എന്നീ നടപടിക്രമങ്ങളിൽ മാർഗരേഖ പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല.
- കർമ്മപദ്ധതി തയ്യാറാക്കിയിയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വരുന്നതും വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്കുകളും നടപ്പിലാക്കപ്പെടുന്നില്ല.

- വിവിധ സ്റ്റാൻഡിങ് കമ്മിറ്റിക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ഓഡിറ്റിന് ഹാജരാക്കിയില്ല.
- സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആവശ്യകത പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.
- ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഓരോ മാസവും യോഗം ചേരുന്നുണ്ടെങ്കിലും ബഡ്ജറ്റ് - ചെലവ് എന്നിവ താരതമ്യം നടത്തി ചെലവ് നിയന്ത്രിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിക്കുന്നില്ല
- പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന് മുമ്പായി പദ്ധതി അടങ്കൽ, വകയിരുത്തലുകൾ എന്നിവ സംബന്ധിച്ച ശുപാർശ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഭരണസമിതിക്ക് നൽകേണ്ടതാണ്. അപ്രകാരം ഒരു ശുപാർശയും സ്റ്റാൻഡിങ് കമ്മിറ്റി നൽകിയിട്ടില്ല
- പ്രോജക്ടിലെ ആശയങ്ങളും വികസന പരിപ്രേക്ഷ്യവും തമ്മിൽ ബന്ധമില്ല
- പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ ശരിയായ പരിപാലിക്കുന്നുണ്ടോ എന്ന വിവരം ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ശ്രദ്ധിക്കുന്നില്ല
- പഞ്ചായത്തിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ട ചുമതല ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിക്കാണ്. എന്നാൽ ആയത് വേണ്ടവിധത്തിൽ നടപ്പിലാക്കുന്നില്ല. ഉദാഹരണം: പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ഇൻഫർമേഷൻ കിയോസ്ക് ശരിയായി പ്രവർത്തിക്കുന്നില്ല അത് ശരിയായി പ്രവർത്തിപ്പിച്ച് പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല
- ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്.
- സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഖ.3- 11കാണുക

(ii)പൊതുഭരണം

29.01.15ലെ ജി.ഒ.എം.എസ്.18/2015ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.ഈ നിർദ്ദേശങ്ങൾ പാലിക്കാൻ ഒരു പരിധി വരെ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായരീതിയിൽ ഓഫീസ് ക്രമീകരിക്കുകയും, പരാതികൾക്ക് ഇടനൽകാതെ സേവന കൗണ്ടർ പ്രവർത്തിക്കുന്നുമുണ്ട്.

സേവന ഉപനികുതി ചുമത്തുന്നില്ല

ജലവിതരണം, തെരുവ് വിളക്ക് പരിപാലനം എന്നീ സേവനങ്ങൾ കരകുളം പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സേവനങ്ങൾക്ക് സേവന ഉപനികുതി ചുമത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 200(2) വകുപ്പ് പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് സേവന ഉപനികുതി ചുമത്താവുന്നതാണ്. ജലവിതരണത്തിന് വസ്തുനികുതിയുടെ 3%ൽ കുറയാത്ത തുകയും തെരുവ് വിളക്കിന് 2% ൽ കുറയാത്ത തുകയും സേവന ഉപനികുതിയായി ചുമത്താവുന്നതാണ്. തനത് വരുമാന വർദ്ധനവിനായി പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തി പരമാവധി വിഭവ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.08.2018 | 08/18 വരെ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമാക്കിയിട്ടില്ല | 2012-13 | - |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

- Miscellaneous എന്ന ഹെഡിൽ 6813/- രൂപ വരവ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് ഏത് വരവാണെന്ന് വിവരം ലഭ്യമല്ല.

- വിമുക്തി പദ്ധതിക്കായി 37500 രൂപ ലഭിച്ചത് ചെലവഴിക്കാതെ അവശേഷിക്കുന്നു. (ഈവർഷം ലഭിച്ചത് 12,500 രൂപ)
- Other deposits എന്ന ഹെഡിൽ 11,000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ തുകയുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി മറുപടി ലഭിച്ചില്ല
- സ്റ്റോക്ക് ആൻഡ് സ്റ്റോർ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല
- സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഏണിക്കര ബ്രാഞ്ചിൽ അസിസ്റ്റന്റ് എഞ്ചീനിയറുടെ പേരിലുള്ള അക്കൗണ്ടിലെ പാസ് ബുക്കിൽ 04.5.2013 മുതൽ 31.05.2014 വരെയുള്ള ഇടപാടുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കി ഉൾപ്പെടുത്തേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം -നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 254 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കേണ്ടതാണ്. 2017-18 സാമ്പത്തികവർഷത്തെ ബജറ്റ് രൂപീകരണം സംബന്ധിച്ച ഫയലുകളും രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

- വിവിധ സ്ഥാപനങ്ങളിലെ തലവന്മാർ annexure 1 &2 പ്രകാരം ബജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല
- പഞ്ചായത്ത് ഓഫീസിന്റെ ബജറ്റ് പ്രൊപ്പോസൽ annexure 3&4 പ്രകാരം സെക്രട്ടറി തയാറാക്കിയിട്ടില്ല
- ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ല (annexure 5.1 & 5.2)
- പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ബജറ്റ് ചർച്ചക്കായി 3 ദിവസം മുൻപ് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ ഇവിടെ നോട്ടീസ് നൽകിയതും ബജറ്റ് ചർച്ചക്കായി യോഗം ചേർന്നതും 23.03.2017ആണ്. ഇതനുസരിച്ച ബഡ്ജറ്റിന് നോട്ടീസ് നൽകിയിട്ടില്ല എന്ന് കണക്കാക്കുന്നു.
- ബജറ്റിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയോ സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
- ബജറ്റ് - ചെലവുകൾ സംബന്ധിച്ച് ഫിനാൻഷ്യൽ പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കാറില്ല. ഇതുസംബന്ധിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല
- ബഡ്ജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതുസംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്ക നൽകുകയോ ചെയ്തിട്ടില്ല
- പെർഫോമൻസ് ഓഡിറ്റ് വിഭാഗം ബജറ്റ് റിവ്യൂ ചെയ്തിട്ടില്ല

(a)വരുമാനം ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കി

മുൻ വർഷങ്ങളിൽ ലഭിച്ച വരവിന്റെ അടിസ്ഥാനത്തിലാണ് ബജറ്റിൽ വരുമാനം വകയിരുത്തേണ്ടത്. എന്നാൽ പഞ്ചായത്ത് പാസാക്കിയ ബജറ്റിൽ, മുൻവർഷങ്ങളിൽ സാധാരണയായി ലഭിച്ച വരുമാനം കണക്കാക്കാതെ ലഭിക്കാൻ സാധ്യതയുള്ള വരുമാനത്തിന്റെ പലമടങ്ങ് തുക വരുമാനമായി കാണിച്ച് ബജറ്റ് തയ്യാറാക്കിയിരിക്കുന്നു. (1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214 ഉപവകുപ്പ് 1(എ3)) പ്രകാരം മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടൊപ്പം വിശദമായ കുറിപ്പുകൾ വേണം. എന്നാൽ ആയത് പാലിച്ചുകാണുന്നില്ല. മുൻവർഷങ്ങളിൽ വരുമാനം ലഭിക്കാത്ത നികുതി ഇനങ്ങളിൽ പോലും വരുമാനം ഉണ്ടെന്ന് കാണിച്ച് ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2015-16 ലെ | 2016-17 ലെ | 2016-17 ലെ | 2017-18 ലെ |
|---|---|---|---|---|

| | വരവ് | ബഡ്ജറ്റ് തുക | വരവ് | ബഡ്ജറ്റ് തുക |
|---|---|---|---|---|
| Advertisement Tax | 68500 | 100000 | 60000 | 100000 |
| മറ്റ് വരവുകൾ | - | 5000 | - | 5000 |
| D & O | 219643 | 300000 | 223870 | 300000 |
| Interest from investments | 231057 | - | - | 1000000 |
| Agency Fund | - | 600000 | 25000 | 200000 |
| Interest Earned | 57856 | 75000 | 139521 | 200000 |

(b)പരിധിയിൽ കൂടുതൽ സേവിങ്സ്

ബജറ്റിൽ വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ ഉപേക്ഷിക്കുന്നത് പണം പാഴാക്കി കളയുന്നതിന് തുല്യമാണ് എന്ന് ബജറ്റ് മാന്വലിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇപ്രകാരം യാഥാർത്ഥ്യത്തിൽ നിന്നും വളരെ അധികം കൂടിയ തുകകൾ വകയിരുത്തി ചെലവാക്കാതിരിക്കുന്നത് മൂലം മറ്റ് അവശ്യപ്രോജക്ടുകൾ നടപ്പാക്കാൻ ഉപയോഗിക്കാമായിരുന്ന തുക പാഴാകുന്നു. ഇപ്രകാരം അധിക സേവിംഗ്സ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | സേവിങ്സ് (%) |
|---|---|---|---|
| കൃഷി | 26.75 | 16 | 40.2 |
| മൃഗ സംരക്ഷണം | 67 | 46 | 31.4 |
| ബയോഗ്യാസ് പ്ലാന്റ് | 10 | 0.52 | 99.9 |
| യുവജന ക്ഷേമം | 8 | 2.42 | 70 |
| കംപ്യൂട്ടർ വൽക്കരണം | 3 | 0.5 | 84 |
| വനിതാ ക്ഷേമ പദ്ധതി | 10 | 0.01 | 99.9 |

(c)വകയിരുത്തിയതിൽ അധികം ചെലവു ചെയ്തു

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് വരുത്താൻ പാടില്ല. എന്നാൽ താഴെപ്പറയുന്ന ഇനങ്ങളിൽ ബജറ്റിൽ വകയിരുത്തിയതിലധികം ചെലവു ചെയ്തു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടം 72പ്രകാരം അടുത്ത വർഷത്തെ ബജറ്റ് നിർദേശങ്ങളുടെ

ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് തന്നാണ്ടിലെ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റ് ആയി കണക്കാക്കാൻ പാടില്ല. എന്നാൽ ഈ നിർദ്ദേശവും പാലിച്ചുകാണുന്നില്ല.

| ഇനം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | അധികമായി ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| വാർത്താ വിനിമയം | 2 | 2.17 | 0.17 |
| മറ്റു ചെലവുകൾ | 2 | 4 | 2 |
| ക്ഷീര വികസനം | - | 9.05 | 9.05 |
| ചെറുകിട വ്യവസായം | - | 6.6 | 6.6 |
| സേവന സംരംഭങ്ങൾ | 5 | 21.9 | 16.9 |
| മണ്ണ്/ ജലസേചനം | - | 1 | 1 |
| Miscellaneous | 5 | 6.56 | 1.56 |
| Repair & Maintenance | 2 | 3.39 | 1.39 |
| Printing & Stationery | 4 | 5.32 | 1.32 |

## 2-2 ആദായനികുതി ഈടാക്കിയില്ല

ആദായനികുതി വകുപ്പ് സെക്ഷൻ 194 c & j പ്രകാരം കരാർ ജോലി /പ്രൊഫഷണൽ സർവ്വീസ് ചെയ്ത വകയിൽ പ്രതിഫലം നൽകുമ്പോൾ ആദായ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന വ്യക്തികൾക്ക് പ്രതിഫലം നൽകിയപ്പോൾ ആദായ നികുതി ഈടാക്കിയില്ല.

| പേര് | പ്രതിഫലം നൽകിയ തുക | ഈടാക്കേണ്ട നികുതി | ഈടാക്കേണ്ട നികുതിയുടെ നിരക്ക് |
|---|---|---|---|
| അഡ്വക്കേറ്റ് സി രാജേന്ദ്രൻ | 40000(വൗച്ചർ നം, തീ: 21701012/12.1.18) | 4000 | 10% |
| എ കെ എം പ്ലംബിംഗ് വർക്ക്സ് | 37000 (വൗച്ചർ നം, തീ: 2170490/25.8.17) | 740 | 2% |
| വിജയ് ഏജൻസിസ് | 661000 | 13220 | 2% |

മേൽപ്പറഞ്ഞ വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും ആദായ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 D&O ലൈസൻസ് - അപാകതകൾ

(a) ലൈസൻസ് നൽകിയപ്പോൾ താഴെപ്പറയുന്നവരിൽ നിന്നും മെഷീൻ ഫീസ് ഈടാക്കിയില്ല

| പേര് | യന്ത്രത്തിന്റെ പവർ(HP) | ഈടാക്കേണ്ട തുക |
|---|---|---|
| കെ എസ് രാജു, ഹോളോബ്രിക്സ് യൂണിറ്റ് | 7 | 100 |
| പ്രകാശ്, കെ വി സാമിൽ | 56.5 | 1000 |
| സന്തോഷ്, സാമിൽ | 38 | 400 |
| സുരേന്ദ്രൻ നായർ അച്ചടി പ്രസ് | 1 | 50 |
| ജി വിജയൻ ഹോളോബ്രിക്സ് യൂണിറ്റ് | 9 | 100 |
| എസ് വിജയൻ ഹോളോബ്രിക്സ് യൂണിറ്റ് | 7 | 100 |

(b) താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും belated fee ഈടാക്കിയില്ല

- മോഹന കുമാരൻനായർ, സാമിൽ
- സന്തോഷ്, സരസ്വതി സാമിൽ
- ബിപി ഗ്യാസ് ഏജൻസി

(c) സന്തോഷ് ഗ്യാസ് ഗോഡൗൺ,ബിപി ഗ്യാസ് ഏജൻസി എന്നീ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചപ്പോൾ അഗ്നിശമനസേനയുടെ നിരാക്ഷേപ പത്രം വാങ്ങിയില്ല .

(d) റെജി. K.എന്ന വ്യക്തിയുടെ സാമില്ലിന് ലൈസൻസ് അനുവദിച്ചപ്പോൾ ഫോറസ്റ്റ് അധികൃതരുടെ നിരാക്ഷേപ പത്രം വാങ്ങിയില്ല

(e) പൗൾട്രി ഫാം, കാറ്റിൽ ഫാം എന്നിവയ്ക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് നിയമമനുസരിച്ചുള്ള ലൈസൻസ് അനുവദിച്ചില്ല

(f) താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് നിരാക്ഷേപ പത്രത്തിന്റെ കാലാവധി പരിഗണിക്കാതെ മുഴുവൻ കാലയളവിലേക്ക് ലൈസൻസ് അനുവദിച്ചു

- മണികണ്ഠൻനായർ, ഹോളോബ്രിക്സ് (പൊലൂഷൻ കൺട്രോൾ ബോർഡ് -31 12 2017 )
- മോഹനകുമാരൻ നായർ, സാമിൽ ( DFO- 14.4. 2017)

(g) സജിത ഉദയകുമാർ എന്ന വ്യക്തിക്ക് അപേക്ഷ ഇല്ലാതെ ലൈസൻസ് അനുവദിച്ച

(h) അപേക്ഷ നമ്പർ 135, പോത്തൻസ് ഹ്യൂണ്ടായി എന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല

## 2-4 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18ലെ തൊഴിൽ നികുതി ഡിമാന്റ് കളക്ഷൻ വിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും 2017-18 രണ്ടാം പാദം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

- മുത്തൂറ്റ് ഫിനാൻസ് വട്ടപ്പാറ
- യൂക്കോ ബാങ്ക് വട്ടപ്പാറ
- മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് കരകുളം
- കൊശമറ്റം ഫിനാൻസ് കരകുളം
- കെഎസ്ഇബി കരകുളം
- പ്ലാമൂട്ടിൽ ബാങ്കേഴ്സ് വട്ടപ്പാറ
- സേക്രട്ട് ഹാർട്ട് ഇംഗ്ലീഷ് മീഡിയം സ്കൂൾ വട്ടപ്പാറ
- ഡി പി എം എസ് ഹോസ്പിറ്റൽ ഏണിക്കര
- എം എ കെ ഓഡിറ്റോറിയം കാച്ചാണി
- പിവിസി ഓഡിറ്റോറിയം വട്ടപ്പാറ
- പോപ്പുലർ വെഹിക്കിൾസ് ആൻഡ് സർവീസസ്
- പോത്തൻസ് ഹ്യൂണ്ടായി വട്ടപ്പാറ
- MIR റിയൽടൺ
- ബിഎസ്എൻഎൽ വഴയില
- ബിഎസ്എൻഎൽ വട്ടപ്പാറ

അടിയന്തിരമായി മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണവുംവസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശസ്വയംഭരണവകുപ്പിന്റെ 2/12/15-ൻ പുറപ്പെടുവിച്ച സർക്കുലർ നം.12900/ആർ/2015/ത.സ്വ.ഭ,വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം,നമ്പറിംഗ് , നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ കരകുളം പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്. നമ്പറിംഗിനായി അപേക്ഷിച്ചിട്ടുള്ള ഫയലിൽ കെട്ടിട നികുതിയുമായി ബന്ധപ്പെട്ട അപേക്ഷയുടെ പകർപ്പ് മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിൽ കെട്ടിട നിർമ്മാണ പെർമിറ്റ് കണക്കാക്കിയത് രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റിന്റെ അപേക്ഷയോടൊപ്പം നൽകുന്ന മറ്റ് രേഖകളുടെ പകർപ്പൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് മുതൽ നമ്പറിംഗ് വരെയുള്ള കാര്യങ്ങൾ ഒറ്റ ഫയലായി കൈകാര്യം ചെയ്യുന്നത് അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും ആയത്

ക്രമവത്കരിക്കുന്നതിനും സഹായകരമായിരിക്കും. ആയതിനാൽ സർക്കാരിന്റെ നിർദ്ദേശം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1.ബിൽഡിംഗ് പെർമിറ്റ് - മറ്റ് അപാകതകൾ

- പെർമിറ്റ് രജിസ്റ്ററിൽ എഫ്.എ.ആർ രേഖപ്പെടുത്തുന്നില്ല
- പെർമിറ്റ് രജിസ്റ്ററിൽ കൈവശ ഗണം കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ് അനുസരിച്ച് വ്യക്തമായി രേഖപ്പെടുത്തുന്നില്ല
- അപേക്ഷ നമ്പർ 5604/30.5.2017- സോളാർ വാട്ടർ ഹീറ്റർ സിസ്റ്റം സ്ഥാപിച്ചതായി പ്ലാനിൽ കാണിച്ചിട്ടില്ല
- അപേക്ഷ നമ്പർ 4571/25.4.2017 - ഗോഡൗൺ നിർമ്മാണത്തിനായി ലഭിച്ച അപേക്ഷ 'H' കൈവശ ഗണത്തിൽ ഉൾപ്പെടുത്താതെ 'F' ഗണത്തിൽ ഉൾപ്പെടുത്തി പെർമിറ്റ് അനുവദിച്ചു

വസ്തുനികുതി സോഫ്റ്റ്‌വെയറായ സഞ്ചയയുടേയും പെർമിറ്റ് സോഫ്റ്റ്‌വെയറായ സങ്കേതത്തിന്റെയും പ്രവർത്തനങ്ങളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

<u>നിരീക്ഷണങ്ങൾ- സങ്കേതം</u>

- സങ്കേതം സഞ്ചയയും സാംഖ്യയുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടില്ല. ആയതിനാൽ ബിൽഡിംഗ് പെർമിറ്റ് വിവരങ്ങളിൽ നിന്ന് ടാക്സ് ഡിമാന്റ്, സാംഖ്യയിലെ ഡിമാന്റ് എന്നിവയുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല. പെർമിറ്റ് ഫീ അടച്ച രസീത് നമ്പർ മാന്വലായി എൻട്രി വരുത്തുന്നു.
- മാന്വലായി നടത്തുന്ന രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ KPBR Violation detect ചെയ്യുന്നതിന് സംവിധാനമുണ്ടെങ്കിലും അപ്‌ലോഡ് ചെയ്യപ്പെട്ട Building Plan 2 മായി താരതമ്യം ചെയ്യുന്നതിനോ മറ്റ് അപാകതകൾ കണ്ടു പിടിക്കുന്നതിനോ സോഫ്റ്റ്‌വെയറിൽ self detection സംവിധാനമില്ല.
- പെർമിറ്റ് സർട്ടിഫിക്കറ്റിൽ Total area മാത്രമേ കാണിക്കുന്നുള്ളൂ. 1st Floor, 2nd Floor എന്നിങ്ങനെ തരം തിരിച്ച് കാണിക്കുന്നില്ല. ഇത് പരിഹരിക്കേണ്ടതാണ്.
- പെർമിറ്റ് അനുവദിച്ചതിനുശേഷം Completion ആകുമ്പോഴോ പിന്നീടോ എക്സ്റ്റൻഷൻ ഉണ്ടായാൽ അത് regularise ചെയ്യുന്നത് സങ്കേതം മുഖേനയല്ല. മറ്റൊരു ഫയലായിട്ടാണ് . ഏരിയയിൽ വ്യത്യാസം വരുന്ന സന്ദർഭങ്ങളിലും പെർമിറ്റ് ഫയലിൽ മാറ്റം വരുന്നില്ല.
- കെട്ടിട നമ്പറിംഗുമായി ഇത് ബന്ധപ്പെടുത്തിയിട്ടില്ല.
- Occupancy Change - ന്റെ സർട്ടിഫിക്കറ്റ് നൽകുമ്പോൾ Building Construction without permission എന്ന തലക്കെട്ടോടെയാണ് ലഭിക്കുന്നത്. ഈ അപാകത പരിഹരിക്കേണ്ടതാണ്.
- Regularisation fees കാൽക്കുലേഷൻ തെറ്റായിട്ടാണ് കാണിക്കുന്നത്.

<u>നിരീക്ഷണങ്ങൾ- സഞ്ചയ</u>

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാന സംവിധാനം ആകെ കമ്പ്യൂട്ടർവത്കരിക്കുന്നതിന് രൂപീകരിച്ച വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ ആയ സഞ്ചയ വസ്തുനികുതി, തൊഴിൽനികുതി, വാടക, ലേലം, ലൈസൻസുകൾ, മറ്റ് വരുമാനങ്ങൾ മുതലായവ കൈകാര്യം ചെയ്യാൻ പാകത്തിൽ രൂപീകരിച്ചിരിക്കുന്നു. ഓൺലൈനായിട്ട് തുക ഒടുക്കുവാനുള്ള സംവിധാനവുമുണ്ട്. സാംഖ്യയുമായി ബന്ധിപ്പിക്കാവുന്നതാണ്.

- എല്ലാ ടാക്സിനങ്ങളും ഫീസിനങ്ങളും ഉൾക്കൊള്ളുന്നതിനുള്ള സോഫ്റ്റ്‌വെയറാണെങ്കിലും നിലവിൽ പ്രോപ്പർട്ടി ടാക്സ് മാത്രമാണ് സഞ്ചയ വഴി ഈടാക്കുന്നത്. ഡി.സി.ബി അരിയറും കറന്റും എടുക്കാൻ സാധിക്കുന്നുണ്ട്.
- ഡി.സി.ബി Current & arrear എടുക്കാൻ കഴിയുന്നുണ്ടെങ്കിലും ആയത് സാംഖ്യയിലെ സ്റ്റേറ്റ്മെന്റുമായി മാച്ച് ആകുന്നില്ല.
- പ്രോപ്പർട്ടി ടാക്സ് മാത്രം ഈടാക്കുന്നതിനാണ് സോഫ്റ്റ്‌വെയർ നിലവിൽ ഉപയോഗിക്കുന്നത്. എല്ലാ ടാക്സ് &

ഫീസിനങ്ങളും ഉൾപ്പെടുത്തി പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.

- ബഡ്ജറ്റ് സോഫ്റ്റ്‌വെയറായ സുഭദ്ര, സഞ്ചയയുമായി ഇന്റഗ്രേറ്റഡ് ആയാൽ മാത്രമേ ബഡ്ജറ്റിലെ പ്രതീക്ഷിത വരവും ആയത് കൈവരിക്കുന്നതിലെ പുരോഗതിയും നിരീക്ഷിക്കുവാൻ കഴിയൂ.
- സാംഖ്യ വഴി അടയ്ക്കുന്ന രസീതുകൾ പലതും സഞ്ചയയിൽ രസീത് എന്ന മെനുവിൽ വരുന്നില്ല.

## 2-6 അംഗീകൃത പെർമ്മിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം - ക്രമവൽക്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കുന്നില്ല

അംഗീകൃത പെർമ്മിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണ ചട്ടങ്ങൽ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിക്കൊണ്ട് നിർമ്മാണം ക്രമവത്കരിക്കാവുന്നതാണ്.

എന്നാൽ നാല് വാർഡുകളിൽ നിന്ന് തിരഞ്ഞെടുത്ത നമ്പറിംഗിനുള്ള 25 ഓളം അപേക്ഷകൾ പരിശോധിച്ചതിൽ അംഗീകൃത പെർമ്മിറ്റിൽ നിന്ന് വ്യതിചലിച്ചുള്ള നിർമ്മാണങ്ങൾക്ക് പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേര് | കെട്ടിടനമ്പർ | പെർമ്മിറ്റ് നമ്പർ തീയതി | അധിക വിസ്തീർണ്ണം |
|---|---|---|---|---|
| 1 | ബ്യൂള വർഗ്ഗീസ് | 2/355A | 9/16-17 dt.31.10.16 | $38m^2$ |
| 2 | സുകുമാരൻ നായർ.പി | 2/11A | 303/16-17 dt.20.09.16 | $10m^2$ |
| 3 | പുഷ്പകുമാരി | 18/46B | 245/16-17 dt.20.08.16 | $16m^2$ |
| 4 | പ്രശാന്ത്. ബി | 4/635B | 354/16-17 dt.20.10.16 | $10.24m^2$ |
| 5 | സന്ധ്യ.ജി | 15/342C | 252/16-17 dt.06.08.16 | $34.84m^2$ |

രാജിയാക്കൽ ഫീസ് ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.41) മറുപടി നൽകിയില്ല. പഞ്ചായത്തിന്റെ വരുമാനത്തെ ബാധിക്കുന്ന വിഷയമായതിനാൽ ഈ അപാകതകയിലേക്ക് ഭരണസമിതിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്ക് മെയിന്റനൻസ്-അപാകങ്ങൾ-തുക 40870/-തടസ്സപ്പെടുത്തുന്നു

വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്ന ഊർജ്ജം, പൊതുമരാമത്ത്, വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് എന്ന പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്നു.

S0150/18 - തെരുവ് വിളക്ക് മെയിന്റനൻസ് (എ.എം.സി)

അടങ്കൽ: 661280/- രൂപ (തനത് ഫണ്ട്)

ചെലവ്: 661000/- രൂപ

| വൗച്ചർ നം./ തീയതി | തുക |
|---|---|
| 21700403, 29.7.2017 | 150000/- രൂപ |
| 21700493, 25.8.2017 | 150000/- രൂപ |
| 21700668, 7.10.2017 | 100000/- രൂപ |
| 21700995, 8.1.2018 | 261000/- രൂപ |
| ആകെ | 661000/- രൂപ |

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് നൽകുവാൻ വേണ്ടി രൂപീകരിച്ച 2016-17 ലെ പദ്ധതി നം. 63/17 സ്പിൽ ഓവറായി നടപ്പിലാക്കിയതാണ് ഈ പദ്ധതി. അറ്റകുറ്റ പണികൾക്കായുള്ള സ്പെയർ പാർട്ടുകൾ പഞ്ചായത്ത് തന്നെ കരാറുകാരന് ലഭ്യമാക്കിയിരുന്നു. ആദ്യ പദ്ധതിയിൽ ടെണ്ടർ ക്ഷണിച്ച് 961280/- രൂപയുടെ കരാർ വയ്ക്കുകയും 2016-17 ൽ കരാറുകാരന് 3,40,870/- രൂപ നൽകുയും ചെയ്തു. കരാർ 2017 നവംബർ വരെ നിലനിൽക്കുന്നതിനാലാണ് പ്രോജക്ട് സ്പിൽ ഓവർ ആക്കിയതെന്ന് മനസ്സിലാക്കുന്നു. എന്നാൽ കരാർ തുകയിൽ കരാറുകാരന് നൽകുവാൻ ബാക്കി നിൽക്കുന്ന തുക 6,20,410/- രൂപ ആയിരിക്കെ ഈ പ്രോജക്ടിന്റെ അടങ്കൽ തുക 6,61,280/- രൂപയാണ്. ഇതിൽ 6,61,000/- രൂപ കരാറുകാരന് തവണകളായി നൽകുകയും ചെയ്തു. ഇത്തരത്തിൽ 40,590/- രൂപ കരാർ വെച്ചതിനെക്കാൾ അധികം കരാറുകാരന് നല്കി. ഇത് സംബന്ധമായ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.28 ന് നൽകിയ മറുപടി പ്രകാരം 2016-17 ൽ കരാറുകാരന് 3,00,000/- രൂപ മാത്രമാണ് നൽകിയത് (വൗച്ചർ നം. 21601207, തീ. 10.07.2017). എന്നും 2017 മാർച്ച് 31 ന് സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിൽ നടത്തിയ കറക്ഷനിലാണ് 40,870/- രൂപ അധികമായി പ്രോജക്ടിന്റെ ചെലവിൽ ചേർക്കപ്പെട്ടത് എന്നും വിശദീകരണം നൽകി. ഈ പൊരുത്തക്കേട് ഇതുവരെ പരിഹരിച്ചിട്ടില്ല. അതിനാൽ അധികചെലവായി കാണിച്ചിരിക്കുന്ന 40,870/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി ചെലവിൽ വന്ന പൊരുത്തക്കേട് പരിഹരിച്ച് തടസ്സം ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുന്നു.

കരാറുകാരൻ തയ്യാറാക്കേണ്ട സർവ്വീസ് രജിസ്റ്റർ ഫയലിൽ ലഭ്യമല്ല. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-11 ൽ പദ്ധതി സംബന്ധമായി ചമച്ച കരാറിലെ പോരായ്മകൾ എടുത്ത് പറഞ്ഞിട്ടുണ്ട്. ഇപ്രകാരം നിയമ വ്യവസ്ഥകൾക്കുവിരുദ്ധമായി അധികച്ചെലവുകൾ തുടർച്ചയായി നടത്തുന്നത്ഒഴിവാക്കേണ്ടതാണ്.

## 3-2 S0044/18 - തെരുവ്‌വിളക്ക് ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ

അടങ്കൽ: 475000/- രൂപ (വികസന ഫണ്ട് - സി.എഫ്.സി)

ചെലവ്: 368307/- രൂപ

ബിൽ നം.

20/17-18 : 334270/- രൂപ

29/17-18 : 9777/- രൂപ

34/17-18 : 24260/- രൂപ

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഉപകരണങ്ങൾ വാങ്ങുവാൻ രൂപീകരിച്ച് നടപ്പിലാക്കിയതാണ് ഈ പദ്ധതി. അറ്റകുറ്റ പണികൾക്കായി സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 6.1 പ്രകാരം ആവശ്യകതാ നിർണ്ണയം നടത്താതെയാണ് പ്രോജക്ട് രൂപീകരിച്ച് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരുവ് വിളക്ക് എണ്ണം, അവയിൽ പ്രവർത്തനരഹിതമായത്, മെയിന്റനൻസ് ആവശ്യമായത് എന്നിങ്ങനെയുള്ള അവശ്യ വിവരങ്ങൾ കെ.എസ്.ഇ.ബി അധികൃതരുമായി സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തി വേണം ആവശ്യകതാ നിർണ്ണയം നടത്തേണ്ടിയിരുന്നത്. എന്നാൽ കരാറുകാരൻ ആവശ്യപ്പെടുന്നതിനനുസരിച്ച് സാധനങ്ങൾ വാങ്ങി നൽകുകയാണ് ചെയ്തത്. മുൻ വർഷങ്ങളിലും ഇത്തരത്തിൽ ആവശ്യകതാ നിർണയം നടത്താതെയാണ് തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുവാൻ പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. ഈ പദ്ധതി കൂടാതെ തന്നെ തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ 2017-18 ൽ (ഖണ്ഡിക 3-3 കാണുക ) നടത്തിയിട്ടുണ്ട്. അതുകൂടാതെ എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുവാനും പദ്ധതി രൂപീകരിച്ചു.

ആവശ്യകതാ നിർണ്ണയം സംബന്ധമായ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 28 ന് മറുപടിയായി മഴക്കാലത്ത് തെരുവ് വിളക്കുകൾ കേടാകുന്നത് നിത്യസംഭവമാണെന്നും ഇതിനാൽ ആവശ്യകതാ നിർണ്ണയം അസാധ്യമാണെന്നുമാണ് വിശദീകരിച്ചിരിക്കുന്നത്. എന്നാൽ മറ്റെന്ത് മാനദണ്ഡമാണ് പ്രോജക്ട് രൂപീകരിച്ച് തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങാൻ ഉപയോഗിച്ചത് എന്ന് വ്യക്തമാക്കിയിട്ടില്ല. അതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കാൻ കഴിയില്ല.

## 3-3 തെരുവുവിളക്ക് പരിപാലനം 288527/- രൂപ തടസ്സപ്പെടുത്തുന്നു

ചെലവ്: 288527 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. 21700193 തീ. 25.5.2017: തുക 125000/-

വൗച്ചർ നം. 21700872 തീ. 05.12.2017: തുക 163527/-

കരകുളം ഗ്രാമപഞ്ചായത്ത് 2016-17 ൽ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് 70/2017 എന്ന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും 363527 രൂപയുടെ തെരുവുവിളക്കുകൾ, അനുബന്ധസ്ഥാപനങ്ങൾ എന്നിവ താഴെ പറയുംപ്രകാരം വാങ്ങുകയും ചെയ്തു.

സ്റ്റാർട്ടർ -2500, ട്യൂബ് ലൈറ്റ് -5000, കോപ്പർ ballast-1500 ഇലക്ട്രോണിക് ballast-480 അലുമിനിയം വയർ-40 ഇൻസുലേഷൻ ടേപ്പ്- 200 എന്നിങ്ങനെ 3,63,527/- രൂപയുടെ സാധനങ്ങൾ വാങ്ങിയെങ്കിലും രണ്ടുലക്ഷം രൂപ മാത്രമാണ് 2016-17 ൽ ചെലവഴിച്ചത് .

2016-17 ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വിവിധ തരത്തിലുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ രണ്ടുലക്ഷം രൂപയുടെ ചെലവ് തടസപ്പെടുത്തിയിരുന്നു. 29.11.2017 ലെ I(3) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ബാക്കി നൽകാനുള്ള 1,63,527/- രൂപ, സാധനങ്ങൾ സപ്ലൈ ചെയ്ത വിജയാ ഏജൻസീസിന് നൽകുകയും ചെയ്തു

വസ്തുതകൾ ഇതായിരിക്കെ തെരുവുവിളക്കുകളും അനുബന്ധ സാധനങ്ങളും വീണ്ടും 1,25,000/- രൂപയ്ക്ക് വാങ്ങി ഇപ്രകാരം 4,88,527/- രൂപയുടെ തെരുവുവിളക്കുകളും അനുബന്ധസ്ഥാപനങ്ങളും പഞ്ചായത്തിന്റെ കൈവശം ലഭ്യമാണ്. ഇതുസംബന്ധിച്ച് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു

- തെരുവു വിളക്ക് രജിസ്റ്റർ പരിപാലിച്ചില്ലാത്തതിനാൽ സാധനങ്ങളുടെ ആവശ്യകത നിർണയിച്ചതിൽ വ്യക്തതയില്ല.
- 3,63,527/-രൂപയുടെ സാധനങ്ങൾ കൈവശം ഉള്ളപ്പോൾ വീണ്ടും അധികമായി 1.25 ലക്ഷം സാധനങ്ങൾ വാങ്ങിയത് എന്തുകൊണ്ടെന്ന് വ്യക്തമല്ല നേരത്തെ വാങ്ങിയ മുഴവൻ സാധനങ്ങളും സ്ഥാപിച്ചത് സംബന്ധിച്ച

തെളിവുകൾ ലഭ്യമല്ല

- സ്റ്റോർ പർച്ചേസ് നിയമപ്രകാരം വർഷാരംഭത്തിൽ തന്നെ ആവശ്യകത നിർണയം നടത്തേണ്ടതുണ്ട്. എന്നാൽ ഇവിടെ അപ്രകാരം ആവശ്യകത നിർണയം നടത്തിയിട്ടില്ല
- പഞ്ചായത്തിലെ പരിധിയിൽവരുന്ന ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഓരോ സെക്ഷനിലും എത്ര തെരുവുവിളക്കുകൾ/പോസ്റ്റുകൾ ഉണ്ട് എന്ന വിവരം പഞ്ചായത്തിൽ ലഭ്യമല്ല. മേൽപ്പറഞ്ഞ വിവരം ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും ശേഖരിച്ചതായി കാണുന്നില്ല.
- ആകെ എത്ര രൂപയുടെ സാധനങ്ങൾ ഉപയോഗിച്ച എത്ര ബാക്കിയുണ്ട് എന്ന വിവരം കോൺട്രാക്ടർ പഞ്ചായത്തിൽ അറിയിച്ചിട്ടില്ല. മേൽപ്പറഞ്ഞ വിവരം പഞ്ചായത്തിലും ലഭ്യമല്ല.
- വിവിധ മെമ്പർമാരുടെ സർട്ടിഫിക്കറ്റ് പ്രകാരം 1879 ലൈറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ബാക്കിയുള്ള ട്യൂബ് ലൈറ്റുകളുടെ വിവരം ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മുഴുവൻ സാധനങ്ങളും കോൺട്രാക്ടർ കൈപ്പറ്റിയിട്ടുണ്ട്.
- 2017-18 തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പദ്ധതി വാർഷിക പദ്ധതിയിലുൾപ്പെടുത്തി അടിയന്തരമായി ചെലവിൽ ഉൾപ്പെടുത്തി 1.25 ലക്ഷം രൂപ ചെലവഴിച്ചത് എന്തിനാണെന്ന് വ്യക്തമല്ല.
- സർക്കാർ ഉത്തരവ് പ്രകാരം അസാധാരണ ചെലവുകളുടെ പരിധി ഒരുലക്ഷം രൂപയാണ് . ആയതിനേക്കാൾ അധികം ചെലവ് ചെയ്ത നടപടി ചട്ടവിരുദ്ധമാണ്.

മേൽപ്പറഞ്ഞ അപാകതകൾ ചൂണ്ടികാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വഴിവിളക്കുകൾ പെട്ടെന്ന് നശിക്കുന്നതിനാലാണ് കൂടുതൽ സാധനങ്ങൾ വാങ്ങിയതെന്നും ആവശ്യകത നിർണയം പ്രായോഗികമല്ല എന്ന മറുപടിയാണ് ലഭിച്ചത്. മേൽപ്പറഞ്ഞ മറുപടി അംഗീകരിക്കാൻ കഴിയില്ല. കൈപ്പറ്റിയ മുഴുവൻ ലൈറ്റുകളും പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുണ്ടോ എന്നതിന് കൃത്യമായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2,88,527/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തെരുവുവിളക്കുകൾ മുഴുവൻ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം കോൺട്രാക്ടറിൽ നിന്നും സ്ഥാപിക്കാത്ത സാധനങ്ങളുടെ വില ഈടാക്കേണ്ടതാണ്.

## 3-4 സെക്രട്ടറിയുടെ പ്രോജക്ടുകൾ- നടപ്പിലാക്കിയത് 53% പദ്ധതികൾ മാത്രം

2017-18 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 53 പദ്ധതികളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയത്. അതിൽ 28 എണ്ണം നടപ്പിലാക്കുകയും 25 എണ്ണം ഒഴിവാക്കുകയും ചെയ്തു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്ത 22 പദ്ധതികളിൽ 13 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. ആകെ പദ്ധതി അടങ്കൽ തുക 28325956/-രൂപയും ചെലവഴിച്ചത് 10336971/- രൂപയുമാണ്.

തനത് ഫണ്ടിൽ നിന്നും വലിയ തുകകൾ അടങ്കലായി പദ്ധതികൾ രൂപീകരിച്ചെങ്കിലും അവ നടപ്പിലാക്കിയില്ല

തനത് ഫണ്ട് ആകെ അടങ്കൽ തുക - 13028797/- ചെലവഴിച്ചത് - 1866890/-. നടപ്പാക്കാത്ത പദ്ധതികളുടെ ഉദാഹരണം ചുവടെ ചേർക്കുന്നു.

പദ്ധതി നം : 32 തുക :140000/-

പദ്ധതി നം :33 തുക :550000/-

പദ്ധതി നം :46 തുക :180000/-

പദ്ധതി നം :74 തുക: 75000/-

പദ്ധതി നം :77 തുക :40000/-

പദ്ധതി നം :253 തുക :100000/-

ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. മറുപടി ലഭ്യമാകാത്തതിനാൽ പദ്ധതികൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമല്ല. ഇപ്രകാരം ഉയർന്ന തുകകൾ അടങ്കൽ വെച്ച് പദ്ധതി

രൂപീകരിക്കുകയും ആയത് നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്നത് പദ്ധതി രൂപീകരണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-5 ഡെപ്പോസിറ്റ് വർക്കായി സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ- 3923099/- രൂപ തടസ്സപ്പെട്ടുത്തുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകളായി സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ താഴെപ്പറയുന്നു. പരിശോധിച്ചതിൽ താഴെപ്പറയുന്ന പദ്ധതികളിൽ പണി പൂർത്തിയാക്കി ലഭ്യമാക്കേണ്ട വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി വിശദീകരിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് നം. | പേര് | നൽകിയ തുക |
|---|---|---|
| 194/18 | ആലനട, മാഞ്ഞാംകോട്, കാച്ചാണി - തറട്ട സങ്കേതങ്ങളിൽ ഇലക്ട്രിക് ലൈൻ നീട്ടൽ (KSEB ഡെപ്പോസിറ്റ്) | 411000/- |
| 70/18 | ഇരപ്പ്മൂഗൾ- കട്ടയ്ക്കാൽ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (KWA ഡെപ്പോസിറ്റ്) | 144750/- |
| 50/18 | കരകുളം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള കണക്ഷൻ പൈപ്പ്ലൈൻ നീട്ടൽ (KWA ഡെപ്പോസിറ്റ്) | 2273396/- |
| 57/18 | കരകുളം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ നീട്ടൽ (KSEB ഡെപ്പോസിറ്റ്) | 994847 |
| 69/18 | ഇരപ്പ്മൂഗൾ- കട്ടയ്ക്കാൽ റോഡ് തെരുവ് വിളക്ക് നീട്ടൽ (KSEB ഡെപ്പോസിറ്റ്) | 99106/- |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ 3,923,099/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 വൗച്ചർ പരിശോധന - പൊതുവായ അപാകതകൾ

- സ്റ്റോർ പർച്ചേസ് നിയമ പ്രകാരം ടെൻഡർ ക്ഷണിക്കുമ്പോൾ ബ്രാൻഡിന്റെ പേര് സൂചിപ്പിക്കാൻ പാടില്ല. എന്നാൽ എം എൻ.ആർ.ഇ.ജി.എസ്. ന് വേണ്ടി കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി ടെൻഡർ നൽകിയപ്പോൾ HPകമ്പ്യൂട്ടർ, HP പ്രിന്റർ എന്നിവ വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നു.
- ബിൽ രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല. 8/2017 മുതൽ 31.10.2018 വരെയുള്ള വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.
- യാത്ര ബത്ത ബില്ലുകളിൽ യാത്ര പുറപ്പെടുന്ന സമയം, എത്തിച്ചേർന്ന സമയം, യാത്ര ചെയ്ത രീതി എന്നിവ കൃത്യമായി രേഖപ്പെടുത്താതെ പഞ്ചായത്തിൽനിന്നും നെടുമങ്ങാട് ബ്ലോക്ക് ഓഫീസ്, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിലേക്കുള്ള യാത്രയ്ക്ക് യാത്രാബത്ത അനുവദിച്ചിരിക്കുന്നു.
- 8 കിലോമീറ്ററിന് പുറത്തുള്ള യാത്രയായി കണക്കാക്കി യാത്രാബത്ത അനുവദിക്കുന്ന കേസുകളിൽ യാത്ര

പോയതായ സ്ഥാപനങ്ങൾ 8 കിലോമീറ്ററിന് പുറത്തുള്ളതാണ് എന്നതിന് വ്യക്തമായ ആധികാരികരേഖ പഞ്ചായത്ത് സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതും ആധികാരിക രേഖയുടെ അടിസ്ഥാനത്തിൽ ദൂരം കണക്കാക്കി യാത്രാബത്ത അനുവദിക്കേണ്ടതുമാണ്.

1)ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക 134980 രൂപ തടസപ്പെടുത്തുന്നു

താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം 2017-18ൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

| ഇനം | വൗച്ചർ നമ്പർ, തീയതി | തുക |
|---|---|---|
| മഴക്കാലപൂർവ്വ ശുചീകരണം | 21700619, തീയതി 22.9.2017 | 115000 |
| ഇനം ലഭ്യമല്ല | 21701489, തീയതി 28.03.2018 | 7500 |
| യാത്രാബത്ത | 21700676, തീയതി 11.10.2017 | 12480 |

134980 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

2)പരിധി അധികരിച്ച ചെലവുകൾ

a) സർക്കാർ ഉത്തരവ് (എം.എസ്) 171/2017/ത.സ്വ.ഭ.വ/26.8.2017പ്രകാരം പ്രസിഡണ്ടിന് ഒരുമാസം 15,000/- രൂപവരെ കണ്ടിജന്റ് ചെലവുകൾക്കായി വിനിയോഗിക്കാവുന്നതാണ്. മൂന്ന് മാസത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ കണ്ടിജന്റ് ചെലവുകൾക്കായി വിനിയോഗിച്ച തുക മേല്പറഞ്ഞ പരിധി ലംഘിച്ച് ചെലവ് ചെയ്തതായി കണ്ടു.

| മാസം | തുക | അധികമായി ചെലവഴിച്ച തുക |
|---|---|---|
| 6/2018 | 38993 | 23993 |
| 7/2018 | 35699 | 20699 |
| 8/18 | 25121 | 10121 |

b) ഉദ്ഘാടനം - ചെലവ് പരിധി ലംഘിച്ച് ചെലവ് നടത്തി

കരയാലതുകോണം വാർഡിൽ മന്ത്രി പങ്കെടുത്ത ഒരു ഉൽഘാടന ചടങ്ങുമായി ബന്ധപ്പെട്ട് 40000/- രൂപ ചെലവഴിച്ചു സർക്കാർ ഉത്തരവ് (സാധാ) 3866/2015/ത.സ്വ.ഭ.വ 28.12.2015പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങുകൾക്ക് 25,000 രൂപ വരെ ചെലവഴിക്കാവുന്നതാണ്. എന്നാൽ ഇവിടെ 15000 രൂപ അധികമായി ചെലവഴിച്ചു.

ഇപ്രകാരം പരിധിയിൽ കവിഞ്ഞ് ചെലവഴിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ ഇക്കാര്യത്തിലേക്ക് ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

c)ജി എസ് ടി അനധികൃതമായി ഈടാക്കി

- കേരള ചരക്ക് സേവന നികുതി നിയമപ്രകാരം നികുതി ഈടാക്കുന്ന ബില്ലുകളിൽ GSTIN നമ്പർ, HSN കോഡും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ജി എസ് ടി നമ്പറില്ലാത്ത ബില്ലുകൾ ഉപയോഗിച്ച് ജിഎസ്.ടി ഈടാക്കി.

വൗച്ചർ നമ്പർ 21700594 പ്രകാരമുള്ള ചെലവിൽ ജി.എസ്.ടി നമ്പറില്ലാത്ത ബില്ല് ഉപയോഗിച്ച് 192 രൂപ ജി.എസ്.ടി ഇനത്തിൽ പഞ്ചായത്തിൽ നിന്നും ഈടാക്കി

- ജി എസ് ടി കൗൺസിലിന്റെ 09.09.2017 ലെ ഉത്തരവുപ്രകാരം 09.09.2017 മുതൽ 20 ഇഞ്ചിന് താഴെയുള്ള മോണിറ്ററിന് 18% ആണ് ജി.എസ്.ടി നിരക്ക്. എന്നാൽ 10.9.2017 ബില്ല് പ്രകാരം മോണിറ്ററിന് 28 ശതമാനം നിരക്കിൽ ജി. എസ്. ടി പഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഇതുകാരണം 387രൂപ നഷ്ടമായി

## 3-7 മുൻകൂർ ക്രമീകരിച്ചിട്ടില്ല

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഇനങ്ങളിൽ മുൻകൂർ ക്രമീകരിക്കാൻ ബാക്കിയുള്ളതായി കാണുന്നു

| ഇനം | തുക നൽകിയ തീയതി | തുക |
|---|---|---|
| കുടിവെള്ളം | 19.4.2017 | 82600 |
| | 26.4.2017 | 94,000 |
| | 9.5.2017 | 254188 |
| | 26.5.2017 | 294600 |
| | 1.6.2017 | 19980 |
| | 12.6.2017 | 130640 |
| | 30.6.2017 | 5400 |
| എൻ ആർ ഇ ജി എസ് | 31.3.2018 | 15572 |
| | 20.12.17 | 82,000 |
| | 8.1.18 | 91866 |
| | 18.2.18 | 84 700 |
| | 31.8.2017 | 102000 |
| | 20.11.2017 | 102000 |
| യാത്രാബത്ത | - | 750 |

മുൻകൂർ തുക അടിയന്തിരമായി നിയമാനുസൃതപലിശ സഹിതം ക്രമീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-8 ലോഗ് ബുക്ക് പരിശോധന അപാകതകൾ

കരകുളം പഞ്ചായത്തിന്റെ വാഹനത്തിന്റെ ((KL-21714) ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു

- ആറുമാസത്തിലൊരിക്കൽ നടത്തേണ്ട ഇന്ധന ക്ഷമത പരിശോധന നടത്തിയിട്ടില്ല
- റിപ്പയർ രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല
- ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കണം എന്ന സർക്കാർ നിർദ്ദേശം പാലിച്ചില്ല

യാത്ര ചെയ്ത ഉദ്യോഗസ്ഥർ ലോഗ് ബുക്കിൽ ഒപ്പ് വയ്ക്കുന്നില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ

ക്ഷണിക്കുന്നു.

## 3-9 ആസ്തി രജിസ്റ്റർ കാലികമാക്കി പുതുക്കി സൂക്ഷിച്ചിട്ടില്ല-സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1.പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾആസ്തിയിലുൾപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ ,റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി. 06.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട് . എന്നാൽ കരകുളംപഞ്ചായത്തിൽ 2015-16 വരെയുള്ള ആസ്തികൾ മാത്രമേ സചിത്രയിൽ അപ് ഡേറ്റ് ചെയ്യപ്പെട്ടിട്ടുള്ളു. (ഓഡിറ്റ് എൻക്വയറി-9 മറുപടി).അപാകങ്ങൾ താഴെ പറയുന്നു.

- ഓരോ വർഷവും സൃഷ്ടിക്കപ്പെടുന്ന പുതിയ ആസ്തികൾ സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്ററിൽ update ചെയ്ത് സൂക്ഷിക്കാത്തത് പദ്ധതി ആവിഷ്കരണ സമയത്ത് സമഗ്ര അവലോകനം നടത്തുന്നതിനെ ബാധിക്കുന്നു.
- പഞ്ചായത്തിൽ പ്രാവർത്തികമാക്കിയിട്ടുള്ള ജിയോ ഇൻഫർമേഷൻ മാപ്പിങ്ങ് സിസ്റ്റം ആസ്തി വിവരങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടെങ്കിലും സചിത്രയുമായി സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ സഹായകമാകുന്നില്ല.
- പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ കണക്റ്റിവിറ്റി മാപ്പ് സജ്ജമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികൾഅടിയന്തിരമായി കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഹാജരാക്കുവാൻ നിർദ്ദേശിക്കുന്നു.

2.പഞ്ചായത്ത് ഭൂമി രേഖകൾ ലഭ്യമാക്കിയില്ല

കരകുളം ഗ്രാമപഞ്ചായത്ത് 2017-18 വാർഷിക ധനകാര്യ പത്രിക പ്രകാരം ഗ്രാമപഞ്ചായത്തിന് 550000/- രൂപ മൂല്യമുള്ള ഭൂമി ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

- ആസ്തി രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല
- പഞ്ചായത്തിന്റെ പേരിലുള്ള മുഴുവൻ ഭൂമിയുടെയും പ്രമാണങ്ങൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയില്ല.

## 3-10 ടെണ്ടർ ഫോം വില- സർക്കാർ ഉത്തരവിനനുസൃതമായി GST ഈടാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് നം: 87/2017 ത.സ്വ.ഭ.വ 1.11.2017 ഖ.5 പ്രകാരം മാന്വൽ/ഇ-ടെണ്ടർ ഫോറത്തിന് ഫോറം വിലയുടെ 12% GST ബാധകമാണ്. ടി ഉത്തരവ് ഖ.2 പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കേന്ദ്ര സർക്കാരിന്റെ ജി എസ് ടി ചട്ടം 25 പ്രകാരംTAN/PAN അടിസ്ഥാനമാക്കി ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമായും എടുക്കേണ്ടതും തദനുസൃതമായ ടാക്സ് ഈടാക്കി അടക്കേണ്ടതുമാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ 01.11.2017 മുതൽ ടെണ്ടർ ചെയ്ത് നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ ടെണ്ടർ ഫോം വില ഈടാക്കിയതിന്റെ (മാന്വൽ/ഇ-ടെണ്ടർ)വിവരങ്ങൾ ഹാജരാക്കിയത് പ്രകാരം 66500/-രൂപ ഈടാക്കിയിട്ടുള്ളതിൽ ടെണ്ടർ ഫോം വിലയുടെ 12% ഉൾപ്പെടുത്തിയിട്ടാണോ ഈടാക്കിയിട്ടുള്ളത് എന്ന ഓഡിറ്റ് എൻക്വയറിക്ക് അപ്രകാരം ഉൾപ്പെടുത്തിയിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്.

ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം നികുതികൾ കൃത്യമായി ഈടാക്കി അടക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന്

നിർദ്ദേശിക്കുകയും ചെയ്യുന്നു.

## 3-11 മരാമത്ത് പ്രവൃത്തി- എസ്റ്റിമേറ്റ് റിപ്പോർട്ടിനു വിരുദ്ധമായി WBM സബ് ബേസ് കോഴ്സ് ഉപയോഗിച്ചു-അധിക മായി നൽകിയ 52,593/-രൂപ നിരാകരിക്കുന്നു.

Finance (Inspection wing-Technical) വകുപ്പിന്റെ സർക്കുലർ നമ്പർ 16/2016/Fin തീയതി 20/7/16,ചീഫ് എൻജിനീയർ (LSGD)യുടെ10.8.16ലെ DB3/6512/2013/CE/LSGD നമ്പർ സർക്കുലർ എന്നിവ പ്രകാരം റോഡ് പ്രവൃത്തികളിൽ സബ് ബേസ്/ബേസ് കോഴ്സ് ചെയ്യുമ്പോൾ കൂടിയ നിരക്കിലുള്ള സ്പെസിഫിക്കേഷനിലുള്ള Water bound macadam(WBM) ഒഴിവാക്കി കൂടുതൽ ഗുണനിലവാരവും ഉറപ്പുമുള്ളതും എന്നാൽ താരതമ്യേന നിരക്ക് കുറഞ്ഞതുമായ സ്പെസിഫിക്കേഷനിലുള്ള Wet Mix macadam(WMM) ഉപയോഗിച്ച് പ്രവൃത്തി ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികളിൽ ടി ഉത്തരവിനു വിരുദ്ധമായി WBM ചെയ്തതിനാൽ അധികച്ചെലവ് വന്നിട്ടുള്ളതായി കാണുന്നു.

1. പ്രോജക്ട് നമ്പർ -SO 184/18-ചിറ്റാഴ ടൈഗർ ഹിൽ റോഡ് റീ ടാറിംഗ്

അടങ്കൽ -550000

ചെലവ് – 544770

ബിൽ നമ്പർ -77/2017-18തീയതി31.3.18

ഫണ്ട് -മെയിന്റനൻസ് ഫണ്ട്

സ്റ്റാന്റിങ്ങ് കമ്മിറ്റി -വികസനകാര്യം

വർക്കിങ്ങ് ഗ്രൂപ്പ് -വികസനകാര്യം-പൊതുമരാമത്ത്

എം.ബുക്ക് നമ്പർ -408/17-18

TS NO: -4446/2017-18

മേൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം WMM ഉപയോഗിക്കേണ്ടതാണെന്ന് രേഖപ്പെടുത്തുകയും എസ്റ്റിമേറ്റ് ഇനം-3ആയി DSR-16 (Cost index-50.98) സ്പെസിഫിക്കേഷൻ 4.7.3 A ആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ 408/17-18 പേജ് നമ്പർ 1 പ്രകാരംWBM സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയും വിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അനുവദിക്കാവുന്നത് -57.37$m^3$ ന് 3277.46/$m^3$ എന്ന നിരക്കിൽ =188027.88

അനുവദിച്ചത് -57.37$m^3$ന് 4061.90 /$m^3$എന്ന നിരക്കിൽ =233031.20

അധികമായി അനുവദിച്ചത് =45003.32

2.പ്രോജക്ട് നമ്പർ -SO 185/18 തണ്ണിപ്പൊയ്ക യൂണിറ്റി ഹൗസ് സി എസ് ഐ ചർച്ച് റോഡ് റീടാറിംഗ്

അടങ്കൽ – 1000000

ചെലവ് – 923296

ബിൽ നമ്പർ – 71/17-18തീയതി 31.3.18

ഫണ്ട് -മെയിന്റനൻസ് ഫണ്ട്

സ്റ്റാന്റിങ്ങ് കമ്മിറ്റി -വികസനകാര്യം

വർക്കിങ്ങ് ഗ്രൂപ്പ് -വികസനകാര്യം-പൊതുമരാമത്ത്

എം.ബുക്ക് നമ്പർ -1) 252/17-18

2)375/17-18

T.S നമ്പർ – 9089/17-18

മേൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം WMM ഉപയോഗിക്കേണ്ടതാണെന്ന് രേഖപ്പെടുത്തുകയും എസ്റ്റിമേറ്റ് ഇനം-1ആയി DSR-16(Cost index-50.98) സ്പെസിഫിക്കേഷൻ 4.7.3 Aആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ 375/17-18 പേജ് നമ്പർ 1പ്രകാരംWMM സ്പെസിഫിക്കേഷൻഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും എന്നാൽ WBMന്റെ നിരക്ക് താഴെ പറയും വിധംഅനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അനുവദിക്കാവുന്നത്-9.675m$^3$ന് 3277.46/m$^3$എന്ന നിരക്കിൽ = 31709.42

അനുവദിച്ചത്-9.675ന് 4061.90 /m$^3$ എന്ന നിരക്കിൽ = 39298.88

അധികം അനുവദിച്ചത് = 7589.45

ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് റോഡിന്റെ ചരിവ് പരിഗണിച്ചാണ് ഇപ്രകാരം ചെയ്തിട്ടുള്ളതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ്,എസ്റ്റ്മേറ്റ് റിപ്പോർട്ട് എന്നിവക്ക് വിരുദ്ധമായി അധികനിരക്കിലുള്ള പ്രവൃത്തി ചെയ്തത് അംഗീകരിക്കുന്നില്ല. മേൽ രണ്ട് പ്രോജക്ടുകളിലായി അധികം അനുവദിച്ച തുക 52593/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-12 <u>കരാർ വ്യവസ്ഥ യിലെ സമയക്രമം പാലിച്ചില്ല- കരാറുകാരിൽനിന്ന് പിഴ ഈടാക്കിയിട്ടില്ല.തുക 15994/- ഈടാക്കി അടവാക്കേണ്ടതാണ്.</u>

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ കരാർ വ്യവസ്ഥയിലെ സമയക്രമം പാലിക്കാത്തതിന് നിയമപ്രകാരം ഈടാക്കേണ്ടതായ പിഴ ഈടാക്കിയതായി കാണുന്നില്ല. പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണവും സാധൂകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/പേര്/എം ബുക്ക് നമ്പർ- | കരാറുകാരൻ/സാങ്കേതികാനുമതി നമ്പർ | അടങ്കൽ/ചെലവ് | ഫണ്ട്/ബിൽനമ്പർ | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി(എം.ബുക്ക് പ്രകാരം) | കരാർ തുക | ഈടാക്കേണ്ടതായ പിഴ |
|---|---|---|---|---|---|---|---|
| SO 128/17<br>SO098/18<br>തെങ്കറ മുഗൾ റോഡ് സെക്കന്റ് മെറ്റലിംഗ്<br>എം ബുക്ക് നമ്പർ-167/15-16 | പ്രസന്നൻ.എ<br>TS NO:10056/16-17 | 600000<br>480556 | മെയിന്റനൻസ് ഫണ്ട്<br>25/17-18 തീയതി 10.1.18 | 27.6.17(6മാസം) | 2.9.17 | 5029000 | 5029<br>(കരാർ തുകയുടെ1%) |
| SO122/17<br>SO 96/18<br>കെ.പി ലൈൻ റോഡ് റിടാറിംഗ്<br>എം ബുക്ക് നമ്പർ-349/17-18 | പ്രസന്നൻ.എ<br>TS 1 NO:21101/16-17 | 300000<br>198354 | മെയിന്റനൻസ് ഫണ്ട്<br>90/17-18<br>28.3.18 | 3.8.17(6മാസം) | 6.2.18 | 2655000 | 7965<br>ആദ്യ 3 മാസത്തിന്<br>(കരാർ തുകയുടെ 1%) + അടുത്ത 3 മാസത്തിന് കരാർ തുകയുടെ 2%. |

| | | | | | | | |
|---|---|---|---|---|---|---|---|
| SO 072/17<br>SO 86/18<br>കരിക്കോത്തി അണ്ടൂർ റോഡ് കോൺക്രീറ്റിംഗ്<br>എം ബുക്ക് നമ്പർ-197/17-18 | സുധീഷ് ചന്ദ്രൻ<br>TS NO:<br>3603/16-17 | 400000<br>226173 | തനതുഫണ്ട്<br>വൗച്ചർ നമ്പർ-1) 21700823<br>2)21700824തീയതി.23.11.2017<br>ചെക്ക് നമ്പർ-1)4286072-തുക-13571<br>2)4286073-തുക-212602 | 26.6.17(6മാസം) | 28.9.17 | 300000 | 3000<br>(കരാർ തുകയുടെ 1%) |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ 15,994/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി അടക്കുന്നതിന് നിർവഹണഉദ്യോഗസ്ഥനെ ഉത്തരവാദപ്പെടുത്തുന്നു.

## 3-13 എംബാങ്ക് മെന്റ് നിർമാണം- കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല-അധിക തുക 6663 /- നൽകിയത് നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ -SO 192/17,125/18(സ്പിൽ ഓവർ)

പേര് പച്ചക്കാട് കമുകറക്കോണം റോഡ് പാർശ്വഭിത്തിനിർമാണം

അടങ്കൽ 660000

ചെലവ് 478791

ബിൽ നമ്പർ 13/17-18 തീയതി 28.9.17

ഫണ്ട് വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്

എം.ബുക്ക് നമ്പർ 455/17-18

TS NO: -94009/2016-17

പ്രസ്തുത പ്രവൃത്തിയുടെ ഇനം 1 പ്രകാരം earth work excavation എന്ന പ്രവൃത്തിയിലൂടെ 38.6 $m^3$ മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട് (എം.ബുക്ക് പേജ്നമ്പർ -3). എന്നാൽ ഇനം 6 പ്രകാരം എംബാങ്ക്മെന്റ് നിർമാണം നടത്തിയപ്പോൾ ഇനം 1 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല. മണ്ണ് ഉപയോഗ്യമല്ല എന്ന്സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതുമൂലം താഴെ പറയും വിധം അധിക നിരക്ക് നൽകിയതായി കാണുന്നു

അനുവദിക്കാവുന്നത്-

ഇനം 6 പ്രകാരം ആവശ്യമുള്ള അളവ് - 165.69 $m^3$

ഇനം 1 പ്രകാരം ലഭിച്ച മണ്ണ് കുറക്കുക (-38.6 $m^{3)}$ =127.09 $m^3$

20% consolidation കുറക്കുക - 101.67

ഇനം 6പ്രകാരം അനുവദിക്കാവുന്ന തുക - 101.67 x 314.66/$m^3$ =31991/-

അനുവദിച്ചത് (എം.ബുക്ക് പേജ്നമ്പർ 16) -122.84 x 314.66 /$m^3$ =38654 /-

അധികം നൽകിയ തുക 6,663/- രൂപ നിരാകരിക്കുന്നു.

## 3-14 ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല-നടപടികൾ ത്വരിതപ്പെടുത്തണം

2017-18 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 2,95,216/- രൂപയാണ് ഫോറവിലയായി ലഭിക്കാനുള്ളത്. ലഭിക്കാനുള്ള തുക പഞ്ചായത്ത് ഫണ്ടിൽ എത്തിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

## 3-15 മൃഗസംരക്ഷണം-ധാതുലവണങ്ങളും വിരമരുന്നും വാങ്ങൽ-മാർഗ്ഗരേഖനിർദ്ദേശപ്രകാരമല്ല നടപ്പാക്കിയിരിക്കുന്നത്

പ്രോജക്ട് നം. - 137/18 (ധാതുലവണങ്ങളും വിരമരുന്നും)

അടങ്കൽ - 1,00,000/-

ചെലവ് - 1,00,000/- (ബിൽ നം.1/17 തീയതി.05.10.17)

നിർവ്വഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

കാലി വളർത്തൽ,പാൽ വിതരണം എന്നിവക്കായുള്ള ഗ്രൂപ്പ് സംരഭങ്ങളിലെ കർഷകർക്ക് ധാതുലവണങ്ങളും, വിരമരുന്നും വാങ്ങി നൽകുകയെന്നതാണ് പ്രോജക്ട് ലക്ഷ്യമാക്കിയത്. കന്നുകാലി ഒന്നിന് പരമാവധി 1000/- രൂപ നിരക്കിൽ 100 കന്നുകാലികൾക്ക് വിരമരുന്നും ധാതുലവണങ്ങളും ഒരു വർഷത്തേക്ക് നൽകാനാണ് തുക വകയിരുത്തിയിരുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിർവ്വഹണോദ്യോഗസ്ഥൻ 'വജ്ര ഡ്രഗ് ഹൗസിൽ' നിന്നും 1,00,000/- രൂപയ്ക്ക് ധാതുലവണങ്ങളും വിരമരുന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി ഗ്രാമസഭമുഖേന പ്രത്യേക ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ധാതുലവണങ്ങളും വിരമരുന്നും വാങ്ങി മൃഗാശുപത്രിയിൽ വരുന്ന ക്ഷീരകർഷകർക്ക് ആവശ്യാനുസരണം സൗജന്യമായി വിതരണം ചെയ്തുവരികയാണെന്ന മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയിരിക്കുന്നത്.

03.04.2017ലെ ജി.ഒ(എം.എസ്) നം.80/2017 സബ്സിഡി മാർഗ്ഗരേഖയിൽ, ഉരു ഒന്നിന് പരമാവധി 1000/- രൂപ നിരക്കിൽ ആനുകൂല്യം നൽകേണ്ടത് കാലികളെ വളർത്തുന്ന ഗ്രൂപ്പ് സംരഭകർക്കാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പ്രോജക്ട് വിഭാവനം ചെയ്തതും ഇത്തരത്തിൽ നടപ്പാക്കാനാണ്. എന്നാൽ അംഗീകാരം ലഭിച്ചതിനനുസരിച്ച് പ്രോജക്ട് നടപ്പാക്കാത്തത് നിർവ്വഹണത്തിലെ വീഴ്ചയായി വിലയിരുത്തുന്നു. പ്രോജക്ട് നടപ്പാക്കുമ്പോൾ മാർഗ്ഗരേഖാനിർദ്ദേശം കർശനമായും പാലിച്ചിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും, മോണിറ്ററിംഗിന് ചുമതലപ്പെട്ട വർക്കിംഗ് ഗ്രൂപ്പും, സ്റ്റാൻഡിംഗ് കമ്മിറ്റിയും പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-16 ഹരിതകേരളം- തരിശു രഹിത മാതൃകാ ജൈവഗ്രാമം- പദ്ധതി ആസൂത്രണം ചെയ്തതിൽ അപാകത

പ്രോജ.നം. - 243/18 (ഹരിതകേരളം- തരിശുരഹിത മാതൃകാ ജൈവഗ്രാമം)

അടങ്കൽ - 5,33,334/-(വി.ഫ(ജനറൽ)- 1,00,000/-,

ബ്ലോക്ക് വിഹിതം -4,00,000/-, ഗുണ.വിഹിതം- 33,334/- )

ചെലവ് - 63,322/-(വി.ഫ(ജനറൽ)-47,495/-,ഗുണ.വിഹിതം- 15,827/-)

നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി ഓഫീസർ

കരകുളം ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത വാർഡിലെ എട്ട് ഏക്കർ സ്ഥലത്ത് വിവിധയിനം പച്ചക്കറികൾ, കിഴങ്ങ് വർഗ്ഗവിളകൾ, വാഴ, ഫലവർഗ്ഗവിളകൾ, സുഗന്ധവ്യഞ്ജന വിളകൾ എന്നിവ കൃഷിചെയ്യുകയെന്നതാണ് പദ്ധതി ലക്ഷ്യമാക്കിയത്. 5 മുതൽ 20 വരെ അംഗങ്ങളുള്ള ഗ്രൂപ്പുകളെയാണ് ഗുണഭോക്താക്കളായി നിശ്ചയിച്ചിരുന്നത്. ഒരു ഗ്രൂപ്പിന് ബ്ലോക്ക് വിഹിതമായി 10,000/- രൂപയുടെ നടീൽ വസ്തുക്കൾ നൽകുമ്പോൾ ഗ്രാമപഞ്ചായത്തിൽ നിന്നും 2,500/- രൂപയുടെ ജൈവവളം ലഭ്യമാക്കുകയെന്നതാണ് പ്രവർത്തനങ്ങൾ.

എന്നാൽ പ്രോജക്ട്ഫയൽ പരിശോധിച്ചതിൽ പദ്ധതി സംയുക്തപ്രോജക്ടായിട്ടല്ല നടപ്പാക്കിയിട്ടുള്ളതെന്ന്

വ്യക്തമാകുന്നു. കരകുളം ഗ്രാമപഞ്ചായത്തിലെ കരയാളത്തുകോണം വാർഡിലെ 19 വനിതാ ഗ്രൂപ്പുകൾക്ക് ഗ്രാമപഞ്ചായത്ത് വളം നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത ഗ്രൂപ്പുകൾക്ക് ബ്ലോക്കിൽ നിന്ന് നടീൽവസ്തുക്കൾ വിതരണം ചെയ്തിരുന്നുവോയെന്നത് നിർവ്വഹണദ്യോഗസ്ഥ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടുമില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12) ബ്ലോക്ക് വിഹിതം പഞ്ചായത്തിലേക്ക് നൽകുന്ന പ്രോജക്ടായിരുന്നില്ലായെന്നും, ബ്ലോക്ക് വിഹിതം നേരിട്ട് ചെലവാക്കിയതിനാൽ ഇത് സംബന്ധിച്ച രേഖകൾ ബ്ലോക്കിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നുമുള്ള മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥ നൽകിയിട്ടുള്ളത്.

മോണിറ്ററിംഗിന്റെ അഭാവത്തിൽ പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തി വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. പ്രോജക്ട് വിഭാവനം ചെയ്യുമ്പോൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അതിന്റെ ക്ഷമത, പ്രായോഗികത, വിജയസാധ്യത എന്നിവ ചർച്ച ചെയ്ത് ഉറപ്പുവരുത്തേണ്ടതും ഓരോ ഘട്ടങ്ങളിലും കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. ഇക്കാര്യം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും, സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-17 വാഴകൃഷി വികസനം- വാഴക്കന്ന് വാങ്ങിനൽകുന്നതിനുപകരം തുക നേരിട്ട് കർഷകർക്കു നൽകി

പ്രോജ.നം. - 139/18(വാഴകൃഷി വികസനം)

അടങ്കൽ - 3,32,500/-(വി.ഫ(ജനറൽ)- 2,99,250/-,ഗുണ.വിഹിതം- 33,250/-)

ചെലവ് - 3,32,500/-

കരകുളം ഗ്രാമപഞ്ചായത്തിലെ 5.32 ഹെക്ടർ പ്രദേശത്ത് വാഴകൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയിൽ 50 വാഴക്കന്നും 50 kg ജൈവവളവും ഒരു യൂണിറ്റ് എന്ന കണക്കിൽ 266 യൂണിറ്റുകൾക്ക് 1250/- രൂപ നിരക്കിലാണ് സബ്സിഡി കണക്കാക്കിയിട്ടുള്ളത്. ഒരു ഗുണഭോക്താവിന് പരമാവധി മൂന്ന് യൂണിറ്റിനുവരെ സബ്സിഡി നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖയിൽ വാഴക്കന്ന് കൃഷിഭവൻ/ ഇക്കോഷോപ്പ് വഴി വിതരണം ചെയ്യണമെന്നും, ഗുണമേന്മ കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഗുണമേന്മയുള്ള വാഴ വാങ്ങി വിതരണം ചെയ്യുന്നതിന് പകരം സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. നിലവിൽ വാഴകൃഷി ചെയ്യുന്ന കർഷകർക്കാണ് തുക നൽകിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കരകുളം ഗ്രാമപഞ്ചായത്തിൽ നിലവിൽ ഇക്കോഷോപ്പുകൾ ഒന്നും തന്നെയില്ലായെന്നും, പുറമെനിന്ന് വാഴക്കന്ന് വാങ്ങിയാൽ ഗുണമേന്മ ഉറപ്പാക്കാൻ സാധിക്കുകയില്ലായെന്നും, ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ കൃഷി ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയാണ് തുക നല്കിയതെന്നുമുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്.

വാഴകൃഷിവികസനം എന്ന ലക്ഷ്യം കൈവരിക്കാനും അനർഹർക്ക് ആനുകൂല്യം നൽകുന്നില്ലായെന്ന് ഉറപ്പുവരുത്താനും മാർഗ്ഗരേഖാ നിർദ്ദേശം കർശനമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പാക്കാൻ വരുംവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-18 ഓഡിറ്റ് ഇംപാക്ട്-പാലിന് സബ്സിഡി- അധികം നൽകിയ തുക തിരികെയടച്ചു.

പ്രോജക്ട് നം., പേര് - 147/18(പാലിന് സബ്സിഡി)

അടങ്കൽ - 11,00,000/- (വികസനഫണ്ട്(ജനറൽ)- 5,00,000/-

ബ്ലോക്ക്പഞ്ചായത്ത് - 5,00,000/-

ജില്ലാപഞ്ചായത്ത് - 1,00,000/-)

ചെലവ് - 11,00,000/- (ബിൽ നം./തീയതി. ജി.ബി.നമ്പർ.1/17-18 തീയതി.19.01.18 (500000/-)

ചെക്ക് നം. 0035581 തീയതി.15.03.2018- 217302/-

ചെക്ക് നം. 0035586 തീയതി.28.03.2018- 382698/-)

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം ക്ഷീര സംഘങ്ങളിൽ നൽകുന്ന പാലളവിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ കർഷകർക്ക് സബ്സിഡി നൽകാനാണ് ലക്ഷ്യമിട്ടത്. എന്നാൽ ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള ഏഴ് മാസങ്ങളിൽ മൂന്ന് രൂപ നിരക്കിലും പിന്നീടുള്ള അഞ്ച് മാസങ്ങളിൽ നാല് രൂപ നിരക്കിലുമാണ് സബ്സിഡി തുക നൽകിയിട്ടുള്ളത്. ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ ക്ഷീരവികസന വകുപ്പിൽ നിന്നും 1 രൂപ നിരക്കിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്.

കരകുളം ഗ്രാമപഞ്ചായത്തിലെ ആറ് ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കാണ് ധനസഹായം നൽകിയിരിക്കുന്നത്. ഇതിൽ അഴീക്കോട്, വട്ടപ്പാറ എന്നീ സഹകരണസംഘങ്ങളിലെ അനുബന്ധരേഖകൾ പരിശോധിച്ചതിൽ ശ്രീ.ജോണി.കെ, റീജഭവൻ, ചേക്കകോണം എന്ന ഗുണഭോക്താവിന് 31,593/- രൂപ നൽകിയിരിക്കുന്നു. എന്നാൽ സബ്സിഡി മാർഗ്ഗരേഖപ്രകാരം ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി ധനസഹായം 30,000/- രൂപയാണ്. കൂടാതെ സഹകരണസംഘത്തിൽ നിന്നുമുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത ഗുണഭോക്താവ് ഇത്രയും തുകയ്ക്ക് അർഹനുമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| സഹകരണസംഘത്തിന്റെ പേര് | പാൽഅളവ് സ്റ്റേറ്റ്മെന്റ് പ്രകാരം അളന്ന പാലിന്റെ അളവ് | അനുവദിക്കാവുന്ന സബ്സിഡി തുക | അനുവദിച്ച സബ്സിഡി തുക | അധികം നൽകിയ തുക |
|---|---|---|---|---|
| അഴീക്കോട് ക്ഷീരസഹകരണ സംഘം | 6674.6 ലിറ്റർ<br>(04/17 മുതൽ 06/17 വരെ- 1914.8 ലിറ്റർ<br>07/17 മുതൽ 03/18 വരെ- 4759.8 ലിറ്റർ) | 24783.6/-<br>(1914.8 X 3= 5744.4<br>4759.8 X 4=19039.2) | 31,593/- | 6,810/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ അധികം നൽകിയ 6,810/- രൂപ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ച് രസീത് ഹാജരാക്കിയിട്ടുണ്ട് (രസീത് നം.118300107435 തീയതി. 31.10.2018).

## 3-19 സംയുക്ത പ്രോജക്ടുകൾ- ചെലവാക്കാൻ അവശേഷിക്കുന്ന ബ്ലോക്ക്പഞ്ചായത്ത് വിഹിതം-സർക്കാർ നടപടിക്രമം പാലിക്കണം

2017-18 സാമ്പത്തിക വർഷാവസാനം, വിനിയോഗിക്കാൻ അവശേഷിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ16,05,000/- തിരികെ ബ്ലോക്ക് പഞ്ചായത്തിലേക്ക് അടച്ചിട്ടില്ല. പഞ്ചായത്തിന് "ട്രഷറിസ്പെഷ്യൽ ടിഎസ്ബി അക്കൗണ്ട്-ജോയിന്റ് വെഞ്ച്വർ" എന്ന അക്കൗണ്ട് നിലവിലുണ്ടെങ്കിലും, ബ്ലോക്ക് വിഹിതം പ്രസ്തുത

അക്കൗണ്ടിലാണോ സൂക്ഷിക്കുന്നത് എന്നതിന് വ്യക്തതയില്ല ( ഓഡിറ്റ് എൻക്വയറി നം.1/23.10.18 നുള്ള മറുപടി, അക്കൌണ്ട്സ് പരിശോധന). ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി നിർവഹണം നടത്തുന്ന സംയുക്ത പ്രോജക്ടുകളുടെ വിഭവം വകയിരുത്തലും, ധനവിനിയോഗവും സംബന്ധിച്ച് G.O(P).07/2017/fin dtd.23.01.2017, G.O(ms).No.72/17/lsgd dtd.29.03.2017 para.6.5 എന്നീ സർക്കാർ ഉത്തരവുകളിൽ വിശദീകരിക്കുന്നു. മേൽ ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകളിൽ ജോയിന്റ് വെഞ്ചർ അക്കൗണ്ട് സൂക്ഷിക്കണം,സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് സെപ്റ്റംബർ 30 നകം നിർവഹണം നടത്തുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകണം നിർവഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ചർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം,പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകൾക്കായി പഞ്ചായത്തിന് ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ (AFS,എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, പഞ്ചായത്ത് ലഭ്യമാക്കിയ കണക്ക്എന്നിവ പ്രകാരം) ചേർക്കുന്നു.

| മുൻവർഷ ബാക്കി | തൻവർഷം ലഭിച്ചത് | ആകെ | തൻവർഷ ചെലവ് | ബാക്കി |
|---|---|---|---|---|
| 7,65,000 | 24,84,775 | 32,49,775 | 16,44,775 | 16,05,000 |

ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം-പ്രോജക്റ്റ് ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 4.1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ വിഷയത്തിൽ, മേൽനോട്ട ചുമതലയുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി വേണ്ട ഇടപെടലുകൾ നടത്തേണ്ടതാണ്.

## 3-20 തൊഴിലുറപ്പ് പദ്ധതി

2017- 18 സാമ്പത്തിക വർഷത്തിൽ 1421 കുടുംബങ്ങൾക്കായി 74513 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ 57 കുടുംബങ്ങൾ 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കി. പദ്ധതിപ്രകാരമുള്ള ആകെ ചെലവ് 20993510/- രൂപയാണ്. ഭൂവികസനം, ജലസംരക്ഷണ പ്രവൃത്തികൾ, നഴ്സറി നിർമ്മാണം, കിണർനിർമ്മാണം,കക്കൂസ് നിർമ്മാണം,തൊഴുത്ത് നിർമ്മാണം, ഐ.എ.വൈ ഭവന നിർമ്മാണ പ്രവർത്തികൾ എന്നിവയാണ് മുഖ്യമായും നിർവ്വഹിച്ചിട്ടുള്ളത്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. എല്ലാ പ്രവൃത്തികളിലും എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കാതെയാണ് ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.
2. ഏണിക്കര നഴ്സറി യൂണിറ്റ് നിർമ്മാണ പ്രവൃത്തിയിൽ 10000 വൃക്ഷത്തൈകൾ ഗ്രോബാഗിൽ വച്ച്പിടിപ്പിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തൈകൾ തയ്യാറാക്കി വിതരണം ചെയ്തതിന്റെ വിശദാംശം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി(നം.39) നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹാജരാക്കിയ രേഖകൾ പ്രകാരം ആകെ 20305 തൈകൾ വിതരണം ചെയ്തതിന്റെ രേഖകളാണ് ലഭ്യമാക്കിയിട്ടുള്ളത്
3. ആവശ്യമായ ഫോട്ടോകളുടെ അഭാവത്തിൽ ഐ.എ.വൈ ഭവന നിർമ്മാണ പ്രവൃത്തികളിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം, പ്രൊജക്ട് യോഗങ്ങൾ നടത്തിയത് , പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല.
4. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമായ രീതിയിൽ സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തുന്നില്ല
   ന്യൂനതകൾ പരിഹരിക്കുന്നതിന് ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-21 സ്ത്രീശാക്തീകരണത്തിനായി ഉൾപ്പെടുത്തിയ പദ്ധതികൾ നടപ്പിലാക്കുന്നില്ല

വനിതാ വികസന വർക്കിംഗ് ഗ്രൂപ്പിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ സ്ത്രീകൾ ധാരാളം ശാരീരിക, മാനസിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ടെന്നും ആയതിനാൽ ആത്മഹത്യാ പ്രവണത കൂടുതലാണെന്നും വിശകലനം ചെയ്തിട്ടുണ്ട്. സ്ത്രീകളുടെ മാനസിക /ശാരീരിക പ്രശ്നങ്ങൾ കുറയ്ക്കുന്നതിനായി കായിക പരിശീലനം, സൈക്കോളജിസ്റ്റിന്റെ സേവനം, നിയമ സഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1. | S0010/18 | ജാഗ്രതാസമിതി | 25000/- രൂപ (തനത് ഫണ്ട്) |
| 2. | S00251/18 | വനിതകൾക്ക് വെൽനെസ്സ് സെന്റർ (കരാട്ടെ, യോഗ പരിശീലനം) | 200000/- രൂപ (തനത് ഫണ്ട്) |
| 3. | S0261/18 | ജാഗ്രതാ സമിതി കൗൺസിലർക്ക് ഓണറേറിയം നൽകൽ | 96000/- രൂപ (തനത് ഫണ്ട്) |

എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണവും ജാഗ്രതാ സമിതിയുടെ പ്രവർത്തനവും വിലയിരുത്തുന്നതിനായി 9/1/18 ലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം ചേർന്നിരുന്നെങ്കിലും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാത്തത് സംബന്ധിച്ച് യാതൊരു പരാമർശവും ഉണ്ടായിട്ടില്ല. ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് GO(Rt)1683/17 തീയതി 23.05.17 ലെ ഖണ്ഡിക 12(2)(8) പ്രകാരം എം.എസ്.ഡബ്ല്യൂ യോഗ്യതയുള്ള വനിതയെ നിയോഗിക്കുന്നതിനും നിർഭയ പദ്ധതി പ്രകാരമുള്ള പ്രതിരോധ പരിശീലന പരിപാടികൾ നൽകുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-22 മാർഗനിർദ്ദേശം പാലിക്കാതെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് മൂലം പദ്ധതി നടത്തിപ്പിൽ വീഴ്ച്ച സംഭവിക്കുന്നു

എ) ഗുണഭോക്തൃതിരഞ്ഞെടുപ്പ് സർക്കാർ മാർഗനിർദ്ദേശം പാലിച്ചില്ല

എ) 03.4.2017ലെ സ.ഉ(എം.എസ്.)80/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 20.2 പ്രകാരം പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൻമേൽ 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ (ഓഡിറ്റ് എൽക്വയറി 2 നുള്ള മറുപടി) ചുവടെചേർക്കുന്നു.

| ക്രമ നം | സർക്കാർ മാർഗനിർദ്ദേശം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം |
|---|---|---|
| 1 | വ്യാപകമായ പ്രചരണംനൽകി ആവശ്യമുള്ള മുഴുവൻപേർക്കും | 05.06.2017മുതൽ അപേക്ഷകൾ വിതരണം ചെയ്ത് 20.06.2017 വരെ അപേക്ഷകൾ |

<table>
<tr><td></td><td>അപേക്ഷ നൽകാനുള്ള അവസാന തീയതിയും, സമയവും നിശ്ചയിക്കൽ</td><td>തിരികെ സ്വീകരിക്കാനുള്ള സമയവും നിശ്ചയിച്ചിരുന്നു. എന്നാൽ ഗ്രാമസഭ ആരംഭിച്ച 23.06.2017-ൽ മാത്രമാണ് ഭൂരിപക്ഷം അപേക്ഷകൾ ലഭിച്ചത്.</td></tr>
<tr><td>2</td><td>അപേക്ഷ സ്വീകരിച്ച ശേഷം അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം</td><td>അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് തയ്യാറാക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായം ലഭിക്കാറില്ല.</td></tr>
<tr><td>3</td><td>അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻപേരെയുംഉൾപ്പെടുത്തി കരട് തയ്യാറാക്കണം</td><td>കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതിൻ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായം ലഭിക്കാറില്ല</td></tr>
<tr><td>4</td><td>ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം.</td><td rowspan="2">ഉദ്യോഗസ്ഥരുടെ കുറവ് മൂലം ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. അതാത് നിർവ്വഹണ ഉഗ്യോഗസ്ഥരാണ് പരിശോധിച്ച് ഉറപ്പ് വരുത്തുന്നത്.</td></tr>
<tr><td>5</td><td>പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാലിസ്റ്റ് പുതുക്കി തയ്യാറാക്കണം</td></tr>
<tr><td>6</td><td>കരട് മുൻഗണനാലിസ്റ്റ് അപേക്ഷകൾസഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി മിനിട്സ് രേഖപ്പെടുത്തണം</td><td>ഗ്രാമസഭാ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത്.</td></tr>
<tr><td>7</td><td>ഗ്രാമസഭ മിനിട്സിൽ രേഖപ്പെടുത്തിയ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചു നൽകണം</td><td>ഗ്രാമസഭ മിനിട്സിൽ രേഖപ്പെടുത്തിയ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.</td></tr>
</table>

| | | |
|---|---|---|
| | | |
| 8 | ഓരോ വാർഡിലെയും ഗുണഭോക്താക്കളുടെയും എണ്ണത്തിന്റെ അനുപാതികമായി ഒരു പ്രോജക്റ്റിന്റെ<br><br>തദ്ദേശസ്ഥാപന ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കേണ്ടതാണ് | ഗ്രാമസഭ അംഗീകരിച്ച വാർഡ് തല ഗുണഭോക്തൃലിസ്റ്റ് ആണ് തദ്ദേശസ്ഥാപനത്തിന്റെ കരട് ഗുണഭോക്തൃലിസ്റ്റ് ആയി ഭരണസമിതി അംഗീകരിക്കുകയും പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും വാർഡ് കേന്ദ്രങ്ങളിലും പ്രസിദ്ധീകരിക്കുകയും പരാതികൾ കൂടി കണക്കിലെടുത്ത് അന്തിമ ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. |

ബി) തദ്ദേശസ്ഥാപന ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല

സഉ(എം.എസ്.)നമ്പർ.80/2017/ത.സ്വ.ഭ.വ,3/4/2017 ഖണ്ഡിക 20.8 പ്രകാരം ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃമുൻഗണനാലിസ്റ്റ് പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും, വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണമെന്നും (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ല),അങ്ങനെ ചെയ്യാത്ത പക്ഷം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കാൻ പാടില്ലാത്തതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം ചെയ്യുന്ന പക്ഷം അതിന്റെ ബാധ്യത തുക നല്കിയ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തേക്ക് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും വാർഡ് കേന്ദ്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഐ.കെ.എം സൈറ്റിൽ സാങ്കേതികമായ തകരാറ് മൂലം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞില്ലെന്ന മറുപടിയാണ് ലഭിച്ചത്.

സി) ഗുണഭോക്തൃലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടതിനാൽ മുൻഗണനാക്രമം പാലിക്കൽ സാധിച്ചില്ല

i)ഗാർഹിക കുടിവെള്ള കണക്ഷൻ(ജനറൽ)(SO272/18)

100 ഗുണഭോക്താക്കൾക്ക് ഗാർഹിക കുടിവെള്ള കണക്ഷന് 5000/-രൂപ സബ്സിഡി നൽകുന്നതിനായി VEO(II) നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ 3/8/17 ജനറൽ കമ്മറ്റിയുടെ I(3)-ാം നമ്പർ തീരുമാനപ്രകാരം 101 പേരുടെ ഗുണഭോക്തൃപട്ടികയും 263 പേരുടെ റിസർവ് പട്ടികയും അംഗീകരിച്ചിട്ടുണ്ട്. ആയതിൽ 17 പേർ റിസർവ് ലിസ്റ്റിൽ ഉൾപ്പെട്ടവരാണ്. പഞ്ചായത്ത് അംഗീകരിച്ച മുൻഗണനാക്രമം പാലിക്കാതെ റിസർവ് പട്ടികയിൽ നിന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്കുള്ള (എൻക്വയറി നം.13) മറുപടിയിൽ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട അർഹതയുള്ളവരും ആനുകൂല്യം ആവശ്യമുള്ളവരുമായ മുഴുവൻ പേർക്കും കരാർ വച്ച് കുടിവെള്ള കണക്ഷൻ ലഭ്യമായതിന് ശേഷമാണ് 5000/-രൂപ ധനസഹായം നല്കുന്നതെന്നതിനാൽ പലരും കരാറിൽ ഏർപ്പെട്ട് കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് വിമുഖത കാണിച്ചതിനാലും, ടി പദ്ധതിയിൽ അഡ്വാൻസ് തുക നൽകാൻ കഴിയാത്തതിനാലും, ലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടതിനാലുമാണ് മുൻഗണനാക്രമം പാലിക്കാൻ സാധിക്കാത്തതെന്ന് മറുപടി നൽകിയിട്ടുണ്ട്. മാത്രമല്ല പ്രസ്തുത പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കിവരുന്നതായും അറിയിച്ചിട്ടുണ്ട്.

അർഹതാമാനദണ്ഡങ്ങൾക്ക് വ്യാപകമായ പ്രചരണം നൽകാത്തതിനാലും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാലുമാണ് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കാത്തത്.

ii)വീട് വാസയോഗ്യമാക്കൽ(SCP)(S0145/18)

വാസയോഗ്യമല്ലാത്ത വീടുകളുള്ള 17പട്ടികജാതി കുടുംബങ്ങളുടെ വീട് വാസയോഗ്യമാക്കി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി VEO(I) നടപ്പിലാക്കിയ പദ്ധതിയിൽ 3/8/17 ജനറൽ കമ്മറ്റിയുടെ I(3)-ാം നമ്പർ

തീരുമാനപ്രകാരം 17 ഗുണഭോക്തൃപട്ടികയും 12 പേരുടെ റിസർവ് പട്ടികയും പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയിൽ മെയിൻ പട്ടികയിൽ ഉൾപ്പെട്ട ക്രമനമ്പർ 2 മുതൽ 8 വരെയുള്ളവരെ ഒഴിവാക്കി റിസർവ് പട്ടികയിൽ ഉൾപ്പെട്ട 7 പേർക്ക് ആനുകൂല്യം നൽകുകയാണുണ്ടായത്. പഞ്ചായത്ത് അംഗീകരിച്ച മുൻഗണനാക്രമം പാലിക്കാതെ റിസർവ് പട്ടികയിൽ നിന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്കുള്ള (എൻക്വയറി നം.34) മറുപടിയിൽ മെയിൻ പട്ടികയിൽ ഉൾപ്പെട്ടവരുടെയും റിസർവ് പട്ടികയിൽ ഉൾപ്പെട്ടവരുടെയും വീടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ചാണ് ആനുകൂല്യത്തിനായി പരിഗണിച്ചതെന്ന മറുപടിയാണ് നൽകിയത്. എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വാല്യുവേഷൻ കിട്ടാൻ തക്ക അനിവാര്യമുള്ളവരെയാണ് പരിഗണിച്ചതെന്നും, വീടിന്റെ കാലപ്പഴക്കം 8 വർഷം തികയാത്തവരെയും, എസ്.സി സർട്ടിഫിക്കറ്റ് ലഭിക്കാത്തവരെയും, മുൻപ് ഭവനപുനരുദ്ധാരണം (എസ്.സി.) പദ്ധതിയിൽ ആനുകൂല്യം ലഭിച്ചവരെയും ഒഴിവാക്കിയാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്.

മുൻഗണനാലിസ്റ്റ് പ്രകാരമുള്ള അപേക്ഷകരുടെ മുൻഗണന ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്ന നടപടിയിൽ വീഴ്ച്ച സംഭവിച്ചതിനാലാണ് ഗുണഭോക്തൃപട്ടികയിൽ അനർഹർ ഉൾപ്പെടുന്നതിനുള്ള സാഹചര്യം ഉണ്ടായത്.

ഡി) അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താത്തത് മൂലം പദ്ധതികൾ ഉപേക്ഷിക്കുന്നു

2 വനിതാ ഗ്രൂപ്പുകൾക്ക് ലോണ്ടറി യൂണിറ്റ് തുടങ്ങുന്നതിന് സബ്സിഡി നൽകുന്നതിനായി നടപ്പിലാക്കിയ "വനിതകൾക്ക് ലോണ്ടറി യൂണിറ്റ് (SO179/18)' എന്ന പദ്ധതിയിൽ ഗ്രാമസഭാലിസ്റ്റിൽ 2 യൂണിറ്റുകൾ ഉൾപ്പെട്ടിരുന്നെങ്കിലും തദ്ദേശസ്ഥാപന ഗുണഭോക്തൃലിസ്റ്റിൽ സ്നേഹിത കുടുംബശ്രീ എന്ന ഗ്രൂപ്പ് മാത്രമേ ഉൾപ്പെട്ടിരുന്നുള്ളൂ. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയില്ല. ആയത് നടപ്പിലാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്കുള്ള (എൻക്വയറി നം.34) മറുപടിയിൽ അലക്ക് തൊഴിൽ ചെയ്ത് വരുന്ന പ്രസ്തുത യൂണിറ്റിലെ അംഗങ്ങൾ ലോണ്ടറി യൂണിറ്റ് സ്ഥാപിക്കുന്നതിനോ ആയതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനോ തയ്യാറായിരുന്നില്ലെന്നും ആയതിനാലാണ് പദ്ധതി നടപ്പിലാക്കാത്തതെന്നും അറിയിച്ചിരിക്കുന്നു.

പദ്ധതി ആവിഷ്കരിക്കുന്നതിലും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലും വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി ഇടപെടൽ നടത്താത്തതിനാലാണ് പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തത്.

സർക്കാർ മാർഗനിർദ്ദേശം പാലിച്ചുകൊണ്ട് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലും പദ്ധതികൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ഭരണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതാണ്.

## 3-23 പഞ്ചായത്തിന്റെ ചെലവ് പത്രികയും, നിർവഹണഉദ്യോഗസ്ഥൻ ഹാജരാക്കിയ ചെലവുരേഖകളും പൊരുത്തപ്പെടുന്നില്ല

- നടപ്പ് സാമ്പത്തികവർഷം പി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ പലതിലും പഞ്ചായത്ത് ലഭ്യമാക്കിയ ചെലവ് പത്രിക പ്രകാരമുള്ള ചെലവും, നിർവഹണഉദ്യോഗസ്ഥൻ ഹാജരാക്കിയ ചെലവും തമ്മിൽ പൊരുത്തമില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്റ്റ് | ആകെഅടങ്കൽ | ചെലവ് (Expenditure statement പ്രകാരം) | നിർവഹണഉദ്യോഗസ്ഥൻ ഹാജരാക്കിയ ഫയൽ പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | 254/18, മുക്തി-ഊർജ്ജിത | 7,50,000/-[425000 /-വി-ഫ(ജനറൽ)+325000(തനത്)] | 564277 (341447+ | 640127 (377297+ 262830) | |

| | | | | | |
|---|---|---|---|---|---|
| | സാംക്രമിക രോഗനിയന്ത്രണം | | 222830) | | |
| 2 | 37/18, സാന്ത്വന പരിചരണം | 9,50,000/-[8,50,000 /-വി-ഫ(ജനറൽ)+100000(തനത്) | 912837<br>(812837+ 100000) | 944137/-(plan844137- + Ownfund 100000/-) | |

- സാമ്പത്തികവർഷം അവസാനിക്കുന്ന 31.3.2018 ന് ബില്ലുകൾ സമർപ്പിച്ചത് മൂലം അവ പാസ്സ് ആകാതെ (ക്യൂ ബിൽ)തൻവർഷചെലവിൽ ഉൾപ്പെട്ടിട്ടില്ല എന്നതാണ് മേൽപ്പറഞ്ഞപ്രകാരം സംഭവിക്കാൻ കാരണം. കേരളബജറ്റ് മാന്വൽ ഖണ്ഡിക91(2) പ്രകാരം സാമ്പത്തികവർഷാവസാനം ചെലവ് ബില്ലുകൾ മുഴവൻ സമർപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണ്("മാർച്ച്റഷ്"). സാമ്പത്തികവർഷാവസാനം (31.3.2018)പി.എച്ച്.സി മെഡിക്കൽ ഓഫീസർ സമർപ്പിച്ച ബില്ലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക | ബിൽ നം | പ്രോജക്റ്റ് |
|---|---|---|---|
| 1 | 8100/- | 27 | പി.എച്ച്സി യിലേക്ക് ലാബ് ഉപകരണങ്ങൾ(250/18) |
| 2 | 31300/- | 28 | പാലിയേറ്റീവ് പരിചരണം<br>(37/18) |
| 3 | 2950/- | 29 | പി.എച്ച്സി യിലേക്ക് ലാബ് ഉപകരണങ്ങൾ(250/18) |
| 4 | 8000/- | 30 | 254/18, മുക്തി- ഊർജ്ജിത സാംക്രമിക രോഗനിയന്ത്രണം |
| 5 | 40000/- | 41 | ,, |
| 6 | 11577/- | 42 | പി.എച്ച്സി യിലേക്ക് ലാബ് ഉപകരണങ്ങൾ(250/18) |
| 7 | 40000/- | 43 | 254/18, മുക്തി- ഊർജ്ജിത സാംക്രമിക രോഗനിയന്ത്രണം |
| 8 | 15000/- | 44 | ,, |
| 9 | 33750/- | 45 | വാർദ്ധക്യസുരക്ഷാരോഗനിർണയം 239/18 |
| 10 | 12750/- | 46 | 254/18, മുക്തി- ഊർജ്ജിത സാംക്രമിക രോഗനിയന്ത്രണം |
| 11 | 48077/- | 47 | പി.എച്ച്സി യിലേക്ക് ലാബ് ഉപകരണങ്ങൾ(250/18) |

| | | | |
|---|---|---|---|
| 12 | 1442/- | 48 | ,, |
| 13 | 8284/- | 49 | ,, |
| 14 | 97513/- | 50 | ,, |
| 15 | 29205/- | 51 | ,, |
| 16 | 26665/- | 52 | ,, |
| ആകെ | 414613 | | |

സർക്കാർ നിർദ്ദേശം പാലിച്ചു കൊണ്ട് ഇപ്രകാരം അവസാന ദിവസമുള്ള തിരക്ക് ഒഴിവാക്കി വ്യക്തമായ മുന്നൊരുക്കത്തോടെ പദ്ധതികൾ നിർവഹണം നടത്തേണ്ടതാണ്. ഈ വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-24 മെഡിക്കൽ ഓഫീസർമാർ മരുന്ന് വാങ്ങൽ പദ്ധതികൾ 1302903/- രൂപ തടസ്സപ്പെടുത്തുന്നു-ഭരണസമിതിയുടെ അടിയന്തിര ഇടപെടലിന് ശുപാർശ ചെയ്യുന്നു.

എ) 2017-18 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)നിർവഹണഉദ്യോഗസ്ഥയായിട്ടുള്ള വിവിധ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള മരുന്ന് വാങ്ങലിനായി കേരളമെഡിക്കൽസർവീസസ് കോർപറേഷൻ, ഔഷധി എന്നീ സ്ഥാപനങ്ങൾക്ക് യഥാക്രമം19,67,745/-, 70,000/-എന്നിങ്ങനെ ആകെ 20,37,745/- ബാങ്ക് ട്രാൻസ്ഫർ വഴി കൈമാറിയിട്ടുണ്ട്. എന്നാൽ 7,51,872/-യുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. 12,85,873/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കുവാൻ അവശേഷിക്കുന്നു. ഇപ്രകാരം ഭീമമായ തുകയുള്ള മരുന്ന് സമയബന്ധിതമായി ലഭിക്കായ്ക വഴി ആരോഗ്യപരിചരണസേവനപ്രവർത്തനങ്ങൾക്കായി വിഭാവനം ചെയ്ത മേൽ പ്രോജക്റ്റുകൾക്ക് പൂർണലക്ഷ്യപ്രാപ്തി കൈവരിക്കാൻ സാധിക്കില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം 37/18, സാന്ത്വന പരിചരണം

ആകെഅടങ്കൽ : 9,50,000/-[8,50,000/-വി-ഫ(ജനറൽ)+100000(തനത്)]

ചെലവ് : 912837/-(812837+100000) As per expenditure statement

നിർവഹണം: മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

സ്റ്റാന്റിംഗ് കമ്മിറ്റി/വർക്കിംഗ് ഗ്രൂപ്പ് : ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാ.കമ്മിറ്റി/ആരോഗ്യം

| ക്രമ നം | സ്ഥാപനം | കൈമാറിയ തുക | പ്രൊ. ഇൻവോയ്സ്.നം | ബിൽനം/തീയതി | എത്ര തുകയുള്ള | ഇനി ലഭിക്കാൻ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | മരുന്ന് ലഭ്യമായി | ബാക്കിയുള്ളത് (തുക) |
| 1 | കേരളമെഡിക്കൽ സർവീസസ് കോർപറേഷൻ | 243000 | PRF875 dt.23.9.17 | 3/17-18 dt.10.10.17 | 47426 | 195574 |
| 2 | ,, | 49745 | PRF2584 dt 4.12.17 | 15/17-18 dt.15.12.17 | 48964 | 781 |
| 3 | ,, | 100000 | PRF1669 dt 26.10.17 | 14/17-18 dt.22.11.17 | 17155 | 82845 |
| 4 | ,, | 100000 (own fund) | PRF3271 dt 26.12.17 | -- | 0 | 100000 |
| 5 | ഔഷധി | 70000 | 31503/ 27.9.2017 | 9/17-18 28.10.17 | 70000 | 0 |

Proj No. 35/18, PHC ക്ക് മരുന്ന് വാങ്ങൽ

ആകെഅടങ്കൽ : 7,00,000/-(മെയിന്റനൻസ് ഫണ്ട് -റോഡിതരം)

ചെലവ് :700000/-

ബിൽനം./തീയതി: 1) 5/19.10.17(Rs.162172)

2) 8/28.10.17( Rs.537828)

| | | | | | | |
|---|---|---|---|---|---|---|
| 6 | കേരളമെഡിക്കൽസർവീസസ് കോർപറേഷൻ | 7,00,000 | PRF 721 dt 16.9.17 | 5/18, 19.10.17 (Rs.162172) | 0 | 700000 |
| | | | PRF1542 dt 22.10.17 | 8/18,28.10.17 ( Rs.537828) | | |

Proj No. 232/18,ദേശീയജീവിതശൈലീ രോഗനിയന്ത്രണം പദ്ധതി

| | | | | | | |
|---|---|---|---|---|---|---|
| ആകെഅടങ്കൽ-500000/-(മെയിന്റനൻസ് ഫണ്ട് -റോഡിതരം)<br>ചെലവ് : 450000/- | | | | | | |
| 7 | കേരളമെഡിക്കൽസർവീസസ് കോർപറേഷൻ | 450000 | PRF1529<br>dt 22.10.17 | 10/18, 28.10.17 | 368541 | 81459 |
| Proj No. 239/18,ദേശീയജീവിതശൈലീ രോഗനിയന്ത്രണം പദ്ധതി<br>ആകെഅടങ്കൽ-500000/-(വി-ഫ(ജനറൽ))<br>ചെലവ് : 434210/- | | | | | | |
| 8 | കേരളമെഡിക്കൽസർവീസസ് കോർപറേഷൻ | 3,25,000 | PRF1349<br>dt 14.10.17 | 11/18,28.10.17 (Rs.1,25,000/-) | 83958 | 41042 |
| | | | PRF821<br>dt 22.9.17 | 6/18,19.10.17 (Rs.2,00,000/-) | 115828 | 84172 |
| ആകെ | | 20,37,745 | | | 7,51,872 | 12,85,873 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/30.10.18) മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി കേരളമെഡിക്കൽസർവീസസ് കോർപറേഷനിലേക്ക് നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും, വിഷയം ജില്ലാമെഡിക്കൽ ഓഫീസറുടെ മീറ്റിംഗുകളിൽ ഉന്നയിച്ചിട്ടുണ്ടെന്നും മറുപടി നല്കിയിട്ടുണ്ട്.

പ്രസ്തുത പ്രോജക്ടുകളിൽ 29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ സർക്കാർ ഉത്തരവിലെ ഖണ്ഡിക 14.6 ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് (ആരോഗ്യം)മോണിട്ടറിംഗ് സമിതിയായി പ്രവർത്തിച്ച് പദ്ധതി മോണിട്ടറിംഗ് നടത്തിയിട്ടില്ല. പ്രസ്തുത സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം ഭരണസമിതിക്കും,നിർവഹണഉദ്യോഗസ്ഥനും നല്കേണ്ടതാണെന്ന ഉത്തരവാദിത്തം നിറവേറ്റിയിട്ടില്ല. ഇക്കാര്യം മേൽനോട്ടച്ചുമതലയുള്ള അതത് സ്റ്റാന്റിംഗ്കമ്മിറ്റികൾ ഉറപ്പുവരുത്തിയിട്ടുമില്ല.

മേൽവിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ബി) മരുന്നുകൾ മുഴുവനും ലഭ്യമാക്കിയിട്ടില്ല – 17030/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : S0082/17

പ്രോജക്ടിന്റെ പേര് : ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക : 800000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് തുക : 800000/-

ബിൽ നമ്പർ : 3/17-18 Purchase of Medicines for Ayurveda Hospital

തീ. 17.10.17

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവേദം)

രോഗികൾക്ക് സൗജന്യ ചികിത്സ മരുന്ന് വിതരണം എന്ന ലക്ഷ്യം വച്ച് നടപ്പിലാക്കിയ പദ്ധതിയിൽ മുഴുവൻ തുകയും മുൻകൂറായി നൽകിയെങ്കിലും തുക നൽകി ഒരു വർഷം കഴിഞ്ഞിട്ടും 7,82,970/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 17,030/- രൂപയ്ക്കുള്ള മരുന്ന് ലഭിക്കാത്തതിനാൽ പ്രസ്തുത തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

17,030/- രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കേണ്ടതും കാലതാമസത്തിന് ഔഷധിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കേണ്ടതുമാണ്. പ്രസ്തുത തുകയ്ക്കുള്ള മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-25 സിഡ്കോയിൽ നിന്നുള്ള വാങ്ങൽ - സർക്കാർനിർദ്ദേശം പാലിക്കണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ/ക്വട്ടേഷൻ കൂടാതെ സാധന സാമഗ്രികൾ, സർക്കാർ/ അർദ്ധസർക്കാർ/ഗവ.അംഗീകൃത സ്ഥാപനങ്ങൾ അടക്കം ചില സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിൻ പ്രകാരമുള്ള ചില സ്ഥാപനങ്ങൾ സ്വന്തമായി സാധനസാമഗ്രികൾ നിർമ്മിക്കാതെ, സ്വകാര്യസംരഭകരിൽ നിന്നും വാങ്ങി നൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധന സാമഗ്രികൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തുന്നുവെന്നും, അങ്ങനെയല്ലാത്തവ നിർബന്ധമായും പരസ്യടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്നും സ.ഉ(സാധാ)നം.3299/2016/ത.സ്വ.ഭ.വ,2.12.2016 ൽ നിഷ്കർഷിച്ചിരിക്കുന്നു.

ചുവടെപ്പറയുന്ന പദ്ധതി പ്രകാരം 39,984/-ചെലവഴിച്ച് Fire Extinguisher, Reverse Osmosis Water Purifier എന്നിവ SIDCOയിൽ നിന്ന് വാങ്ങിയിട്ടുണ്ട്.

പദ്ധതി നം പേര് : S0302/18, ആർദ്രം പദ്ധതി കരകുളം PHC- ISO നിലവാരത്തിലാക്കൽ-അനുബന്ധ സൗകര്യങ്ങളും, ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ തുക : 496700/- (തനത് ഫണ്ട്)

ചെലവ് തുക : 492957/-

നിർവഹണം : മെഡിക്കൽ ഓഫീസർ-പി.എച്ച്സി

| ക്രമ നം | Item | ആകെ വില | Invoice no/date | Order no/date |
|---|---|---|---|---|
| 1 | Fire Extinguisher MAP90-2Kg (Ceasefire Industries Pvt Ltd) (4nos.@5296/-) | 24998 | CELLTVM/17-18 /365/22.3.18 | 476/25.3.18 of Secretary, karakulam GP |
| 2 | Bluemount RO Water Purifier (1no @12700/-) | 14986 | SMCTVM/17-18 /TI/219/17.3.18 | 482/25.3.18 of Secretary, karakulam GP |

| | | | | |
|---|---|---|---|---|
| | ആകെ | 39984 | | |

മേൽ വാങ്ങലുകൾക്ക് ഇപ്രകാരം സിഡ്കോ സ്വന്തമായി നിർമിക്കാത്ത സാധന സാമഗ്രികൾ ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിച്ച് വാങ്ങൽ നടത്താതെ, ആ സ്ഥാപനത്തിൽ നിന്ന് വാങ്ങിയത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. ഭാവിയിൽ ഇത്തരത്തിലുള്ള വാങ്ങൽ പ്രവൃത്തികൾക്ക് മേൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

## 3-26 പ്രൈമറി ഹെൽത്ത് സെന്റർ- വിവിധ പ്രോജക്റ്റുകൾക്കായുള്ള സാധന/സേവന വാങ്ങലുകൾ- പ്രൊക്യൂർമെന്റ് ചട്ടങ്ങൾ പാലിക്കണം

2017-18 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ- പിഎച്ച്സി നിർവഹണ ഉദ്യോഗസ്ഥനായുള്ള 10 പ്രോജക്റ്റുകൾക്കായി വിവിധ ഫണ്ടുകളിൽ നിന്ന് വകയിരുത്തിയ 47,21,700/-ആകെ അടങ്കലിൽ നടപ്പിലാക്കിയ 9പ്രോജക്റ്റുകളിലായി 39,04,743/-(83% പഞ്ചായത്ത് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം)ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാധനങ്ങൾ വാങ്ങുന്നതിന് സർക്കാർ മാർഗനിർദ്ദേശം പൂർണ്ണമായും പാലിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ വിശദമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (ജി.ഒ(പി).259/2010/ ത.സ്വ.ഭ.വ തീ.8.11.2010).

ഇതിൻപ്രകാരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും പ്രൊജക്ടുകൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും സംബന്ധിച്ച വാർഷിക ആവശ്യകതാലിസ്റ്റ് ടെണ്ടർനടപടികൾ നിർവഹിക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് കൈമാറേണ്ടതും, പ്രസ്തുത കമ്മിറ്റി വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും, അന്തിമമാക്കുന്നതിന്റെയും ചുമതല വഹിക്കുന്നതുമാണ്. മേൽപ്പറഞ്ഞപ്രകാരം വലിയ തുകകൾ അടങ്കൽ വകയിരുത്തിയിട്ടുള്ള പ്രോജക്റ്റുകളിലെ വാങ്ങലുകൾ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ 1,00,000/-ത്തിന് താഴെയുള്ള തുകകൾക്കുള്ള ക്വട്ടേഷനുകൾ മുഖാന്തിരം നേരിട്ട് വാങ്ങിക്കുകയാണ് ചെയ്തിട്ടുള്ളത്. വാങ്ങൽ നടപടികളിൽകണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

i) ആകെ ഡിമാന്റ് പല ഘടകങ്ങളാക്കി തിരിച്ച് സ്ഥാപനങ്ങൾക്ക് ഓർഡർ നല്കുന്നു.

നടപ്പിലാക്കിയ പല പ്രോജക്റ്റുകളിലും സാധനസാമഗ്രികളുടെ ആകെ ആവശ്യകതാനിർണയം നടത്തിയശേഷം, ആയത് പല ഘടകങ്ങളാക്കി തിരിച്ച് ടെണ്ടർ നടപടികൾ ഒഴിവാക്കി ക്വട്ടേഷനുകൾ മുഖാന്തിരം വാങ്ങിയിട്ടുണ്ട്. അപ്രകാരം"piece meal purchases" നടത്താൻ പാടില്ലാത്തതാണെന്ന് 2013ലെ കേരളാ സ്റ്റോർ പർച്ചെയ്സ് മാന്വൽ GO(P) No. 3/2013/SPD dt.21.06.2013 ൽ നിഷ്കർഷിട്ടുണ്ട്. അപ്രകാരം ക്വട്ടേഷൻ നല്കി വാങ്ങിയവയുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജ.നം, പേര് | ഇനം | തുക | വാങ്ങിയ സ്ഥാപനത്തിന്റെ പേര് | Proforma invoice no /date |
|---|---|---|---|---|---|
| 1 | S0250/18 -പി.എച്ച്സി യിലേക്ക് ലാബ് ഉപകരണങ്ങൾ | Reagents for Lab | 97513/- | Life care surgicals | GC00301 dt24/3/18 |
| | | ,, | 29205 | ,, | GC003021 dt26/3/18 |
| | | Total | 126718 | | |
| 2. | S0302/18-കരകുളം PHC-ISO നിലവാരത്തിലാക്കൽ- അനുബന്ധ സൗകര്യങ്ങളും, ഉപകരണങ്ങളും വാങ്ങൽ | Carrier AC+Stabilizer | 46993 | Sony global furniture &Home appliances | 10414/ dt 27.3.18 |
| | | Electrification work for AC | 24039 | ,, | 10418/ dt27.3.18 |

| | | | | | |
|---|---|---|---|---|---|
| | | Inverter | 86516 | „ | 10417/<br>dt 27.3.18 |
| | | Total | 157548 | | |
| 3. | S0250/18 -പി.എച്ച്സി യിലേക്ക് ലാബ് ഉപകരണങ്ങൾ | Voltas AC+stabilizer | 48077 | Sony global furniture &Home appliances | 10413<br>dt 27.3.18 |
| | | Total | 332343(126718+157548+48077) | | |

ii) ക്വട്ടേഷനുകൾ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ് സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല

ജി.ഒ(പി) നം.259/2010 ത.സ്വ.ഭ.വ തീ. 8.11.2010 പ്രകാരം ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അറിയിപ്പ് ത.സ്വ.ഭ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും, വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തി പ്രചാരം നല്കേണ്ടതാണ്. പ്രസ്തുത ക്വട്ടേഷൻനോട്ടീസുകൾ PHC യുടെയും, പഞ്ചായത്തിന്റെയും നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

iii) ക്വട്ടേഷൻ അംഗീകരിച്ച സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കുന്നില്ല.

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പല പ്രോജക്ടുകളിലും ക്വട്ടേഷൻ അംഗീകരിച്ച സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

a)മുക്തി- ഊർജ്ജിത സാംക്രമിക രോഗനിയന്ത്രണം ( പ്രോജ നം. 254/18) എന്ന പ്രോജക്ട് പ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിൽ രോഗനിയന്ത്രണത്തിനായുള്ള ഫോഗിംഗ് പ്രവൃത്തികൾ ചെയ്തിരിക്കുന്നത് ഫാം കെമിക്കൽസ് & എക്യുപ്പ്മെന്റ്സ്, പൂത്തോൾ, തൃശ്ശൂർ എന്ന സ്ഥാപനമാണ്. പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള ക്വട്ടേഷൻ സ്വീകരിച്ച് ഫോഗിംഗ് പ്രവൃത്തികൾക്കായി 2017-18 വർഷം രണ്ട് തവണകളായി 36,000 തുകകൾ കൈമാറിയിട്ടുണ്ടെങ്കിലും, കരാർ ചമച്ചിട്ടില്ല.ഫോഗിംഗ് പ്രവൃത്തികൾ ചെയ്ത ഫാം കെമിക്കൽസ് & എക്യുപ്പ്മെന്റ്സ് എന്ന സ്ഥാപനവുമായി പ്രസ്തുത പ്രവൃത്തികൾക്കായി കരാർ ചമച്ചിട്ടില്ല .

| സ്ഥാപനത്തിന്റെ പേര് | ഇനം | ക്വട്ടേഷൻ ക്ഷണിച്ച തീയതി | കൈമാറിയ തുക |
|---|---|---|---|
| ഫാം കെമിക്കൽസ് & എക്യുപ്പ്മെന്റ്സ്, പൂത്തോൾ, തൃശ്ശൂർ | ഫോഗിംഗ്-12hrs | 3.4.17 | 36000 |
| „ | ഫോഗിംഗ്-30hrs | 6.2.18 | 90000 |

b)പ്രോജ.SO302/18 പ്രകാരം Sony global furniture & Home appliances എന്ന സ്ഥാപനത്തിൽ നിന്ന് 2,05,625/- ചെലവാക്കി AC, Inverter മുതലായവ വാങ്ങിയെങ്കിലും സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല

ഇപ്രകാരം കരാറിന്റെ അഭാവത്തിൽ പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം എപ്രകാരമാണ് നടത്തിയത് എന്നതിൽ അവ്യക്തത നിലനിൽക്കുന്നു

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമനം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി | 20400 | 0 |
| 2 | | | 100000 | സാന്ത്വനപരിചരണം | 100000 | 0 |
| 3 | | | 364375 | മാനസികവെല്ലുവിളി-സ്കോളർഷിപ്പ് | 364375 | 0 |
| 4 | | | 100000 | ബഡ്സ് സ്കൂൾ പ്രവർത്തനം | 0 | 100000 |
| 5 | | | 200000 | വിധവ-സ്വയം തൊഴിൽസബ്സിഡി | 200000 | 0 |
| 6 | | | 200000 | വനിതാഗ്രൂപ്പുകൾക്ക് സബ്സിഡി | 200000 | 0 |
| | | | 500000 | മാതൃകാ കോളനി ശുചിത്വഗ്രാമം | 0 | 500000 |
| | | | 160000 | ജിയോഇൻഫർമാറ്റിക് സർവേ | 160000 | 0 |
| | | | 600000 | പാലിന് സബ്സിഡി | 600000 | 0 |
| | | | 1000000 | പകൽവീട് | 0 | 1000000 |
| | ജില്ലാ പഞ്ചായത്ത് | | 20400 | ജൈവസമൃദ്ധി | 20400 | 0 |
| | | | 364375 | മാനസിക വെല്ലുവിളി സ്കോളർഷിപ്പ്<br>ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യവികസനം | 364375 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | KSEB | ആലനട, മാഞ്ഞാംകോട്, കാച്ചാണി - തറട്ട സങ്കേതങ്ങളിൽ ഇലക്ട്രിക് ലൈൻ നീട്ടൽ (KSEB ഡെപ്പോസിറ്റ്) | 411000 | 0 | 411000 |
| 2 | KWA | ഇരപ്പ്മുഗൾ- കട്ടയ്ക്കാൽ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | 144750 | 0 | 144750 |

| | | | | | |
|---|---|---|---|---|---|
| | | (KWA ഡെപ്പോസിറ്റ്) | | | |
| 3 | KWA | കരകുളം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള കണക്ഷൻ പൈപ്പ്ലൈൻ നീട്ടൽ (KWA ഡെപ്പോസിറ്റ്) | 2936396 | 663000 | 2273396 |
| 4 | KSEB | കരകുളം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ നീട്ടൽ (KSEB ഡെപ്പോസിറ്റ്) | 994847 | | 994847 |
| 5 | KSEB | ഇരപ്പ്മുഗൾ- കട്ടയ്ക്കാൽ റോഡ് തെരുവ് വിളക്ക് നീട്ടൽ (KSEB ഡെപ്പോസിറ്റ്) | 99106 | 0 | 99106 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം.275/2010 ത.സ്വ.ഭ.വ തീയതി 27.01.2010 | 22485000 | 1955059 | 1955059 | - | NIL |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

വിവരം ലഭ്യമല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>- | 123609770/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 134089399/ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്തതുക | 75250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയതുക | 5690379 |

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 52593 | ശ്രീ.സഞ്ജു.പി.നായർ,അസി.എഞ്ചിനീയർ |
| 3-12 | (1)5029<br>(2)7965<br>(3)3000<br>ആകെ=<br>15994 | (1)&(2) സഞ്ജു.പി.നായർ,അസി.എഞ്ചിനീയർ<br>(3) ശ്രീമതി.ദീപ്തി.എൻ ,അസി.എഞ്ചിനീയർ |
| 3-13 | 6663 | ശ്രീമതി.ദീനസുശീലൻ ,അസി.എഞ്ചിനീയർ |

(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 40870 | ശ്രീ.സുമേഷ്.കെ ആർ,സെക്രട്ടറി |
| 3-3 | (1)125000<br>(2)163527<br>ആകെ=<br>288527 | (1)ശ്രീ.എസ്.അരവിന്ദാക്ഷൻ,സെക്രട്ടറി<br>(2)ശ്രീ.സുമേഷ്.കെ ആർ,സെക്രട്ടറി |
| 3-6(1) | 134980 | ശ്രീ.സുമേഷ്.കെ ആർ,സെക്രട്ടറി |
| 3-24(എ) | 1285873 | ഡോ.ജാസ്മിൻ, മെഡിക്കൽഓഫീസർ.പി.എച്ച്.സി |
| 3-24(ബി) | 17030 | ഡോ.അജിത.ബി.എസ്. മെഡിക്കൽഓഫീസർ,ആയുർവേദം |
| 3-5 | 3923099 | ശ്രീ.സുമേഷ്.കെ.ആർ, സെക്രട്ടറി |

## 4-10 റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും,സ്ഥിരം മേൽവിലാസങ്ങളും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുമേഷ്.കെ ആർ,സെക്രട്ടറി | | കല്ലുകണ്ടത്തിൽ |

| | | |
|---|---|---|
| | | കറ്റാനം,പള്ളിക്കൽ.പി.ഒ,മാവേലിക്കര പിൻ 690503 |
| ശ്രീഎസ്.അരവിന്ദാക്ഷൻ,സെക്രട്ടറി | | ശങ്കരത്തിൽ,ഇടപ്പഴഞ്ഞി,പൂജപ്പുര,പി,ഒ |
| ശ്രീ.സഞ്ജു.പിനായർ.<br>അസിസ്റ്റന്റ് എഞ്ചിനീയർ | | ടിസി 5/704,ചന്ദ്രിക,പത്മവിലാസം ലെയിൻ,പേരൂർക്കട. |
| ശ്രീമതി.ദീപ്തി.എൻ ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | | മാലേയം,CTCഎൻക്ലേവ് ,B7 കവടിയാർ |
| ശ്രീമതി.ദീനസുശീൻ ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | | സൂര്യഗായത്രി,നിലാവി ഗാർഡൻസ്,ഏണിക്കര |
| ഡോ.ജാസ്മിൻ, മെഡിക്കൽ ഓഫീസർ.പി.എച്ച്.സി | | ഹൗസ് നമ്പർ-1,അമ്പല നഗർ<br>കവടിയാർ.P.O |
| ഡോ.അജിത.ബി.എസ്.മെഡിക്കൽ ഓഫീസർ,ആയുർവേദം | | മഹേശ്വരി,പഴകുറ്റി.പി,ഒ നഗരിക്കുന്ന്,നെടുമങ്ങാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1189/2018 തീ.25/5/18 | 1 | |
| 2005-06 | | 2 | |
| 2006-07 | | 1 | |
| 2009-10 | | 1 | |
| 2010-11 | | 2 | |
| 2011-12 | | 3 | |
| 2012-13 | | 7 | |
| 2013-14 | | 8 | |
| 2014-15 | | 17 | |
| 2015-16 | | 12 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

<u>ന്യൂനതകളുടെ സംഗ്രഹം</u>

2017-18 വർഷത്തെ വീർഷിക ധനകാര്യപത്രികയുടെ ഓഡിറ്റ് റിപ്പോർട്ടിലും ഈ റിപ്പോർട്ടിന്റെ ഖ1-12 ലും പരാമർശിച്ചിട്ടുണ്ട്.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.